

# കേരളത്തെ രക്ഷിക്കാൻ പരിസ്ഥിതി സംരക്ഷിക്കുക

▸ പരിസ്ഥിതിലോല മേഖലകളെ ശാസ്ത്രീയമായി നിർണ്ണയിക്കുക.

▸ പശ്ചിമഘട്ട വനമേഖല കയ്യേറ്റക്കാർക്ക് പതിച്ചു കൊടുക്കാനുള്ള നീക്കം അവസാനിപ്പിക്കുക.

▸ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അട്ടിമറിക്കരുത്.

▸ വയനാട്ടിലെ കെട്ടിട നിർമ്മാണ നിയന്ത്രണത്തിന് സമാനമായ നിയന്ത്രണം മറ്റു ജില്ലകളിലും നടപ്പിലാക്കുക.

▸ ജലവിമാനപദ്ധതി ഉപേക്ഷിക്കുക.

▸ ആലപ്പുഴയിലെ കരിമണൽ ഖനന പദ്ധതി ഉപേക്ഷിക്കുക.

▸ വിഴിഞ്ഞം തുറമുഖ പദ്ധതി പുനഃപരിശോധിക്കുക.

ഗ്രീൻ അസംബ്ലി സംഘാടകസമിതി
തിരുവനന്തപുരം
സംഭാവന : 20 രൂപ

**ആമുഖം**

മാനവരാശി ആസന്നഭാവിയിൽ അനുഭവിക്കാൻ പോകുന്ന കടുത്ത പ്രതിസന്ധി ഭൂമിയുടെ പരിസ്ഥിതിത്തകർച്ചകളിൽ നിന്ന് ഉടലെടുത്ത പ്രശ്നങ്ങളിൽ നിന്നാണെന്ന് ഏവരും അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ആ പ്രതിസന്ധികളിൽ നിന്നുള്ള മോചനമാർഗ്ഗങ്ങൾ മാനവരാശിയുടെ കൈകളിലാണെന്നതും ഏവർക്കും അറിയാം. ലോകം ഇന്ന് അഭിമുഖീകരിക്കുന്ന പരിസ്ഥിതിത്തകർച്ചകളും തൽഫലമായ പ്രതിസന്ധികളും ഒരു യാദൃച്ഛികതയല്ല. അപ്രതീക്ഷിതമായി ഉണ്ടായ ഒരു പ്രതിഭാസത്തിന്റെ ഫലവുമല്ല.

പതിനായിരക്കണക്കായ സസ്യ-ജീവജാലങ്ങൾ അധിവസിക്കുന്നതാണ് ഈ ഭൂമി. അവയെല്ലാം നിലനിന്നു പോരുന്നത് പരസ്പരബന്ധിതമായ, സഹവർത്തിത്തത്തിന്റേതായ ഒരു ക്രമത്തിലൂടെയാണ്. സ്വാഭാവികവും സ്വതഃസിദ്ധവുമായ ഈ ക്രമത്തിൽ അവ ഓരോന്നിന്റെയും നിലനിൽപിന്നാധാരമായ ഇടവും ഇടപെടലും മറ്റുള്ളവയുടെ നിലനിൽപിന്നും ആരോഗ്യകരവുമായ തുടർച്ചക്കും സഹായകമായിട്ടുള്ളതാണ് താനും. ഉദാഹരണമായി ഭൂമിയിൽ അടിഞ്ഞുകൂടുന്ന ജൈവമാലിന്യങ്ങളെ വിഘടിപ്പിച്ച് മണ്ണിലേക്ക് ചേർക്കുന്ന കോടാനുകോടിയായ ബാക്ടീരിയകൾ തങ്ങളുടെ നിലനിൽപ്പിന്റെ ഇടം കണ്ടെത്തുന്നതിവിടെയാണ്. പൂമ്പാറ്റകൾ തേൻ നുകരുമ്പോൾ തന്നെ ചെടികളുടെ വംശവർദ്ധനവിനുള്ള പരാഗണപ്രക്രിയയെ സഹായിക്കുന്നു. ഇത്തരത്തിൽ ഒന്നു കണ്ണോടിച്ചാൽ മറ്റൊരുകാര്യം കൂടി വ്യക്തമാണ്. തങ്ങളുടെ നിലനിൽപിന് ആവശ്യമായ വിഭവങ്ങൾ എടുക്കുമ്പോൾ അന്നന്നത്തേക്കുള്ള വിഭവങ്ങൾ മാത്രമാണ് അവ എടുക്കുന്നത്. സമൃദ്ധമായ ഒരുപുൽമേട്ടിൽ മേയാനിറങ്ങുന്ന പശു മടങ്ങുമ്പോൾ തന്റെ ചുമലിൽ ഒരു കെട്ടു പുല്ലുകൂടി കരുതുന്നില്ല!

ഭൂമിയിലെ വിഭവങ്ങളെ സ്വന്തമാക്കുന്നതിൽ, മാറ്റുന്നതിൽ, മെരുക്കുന്നതിൽ ബോധപൂർവ്വമായ ഇടപെടൽ നടത്തുന്ന ഒരേ ഒരു ജീവി മനുഷ്യനാണ്. മറ്റുള്ളവയെല്ലാം പ്രകൃതിയുടെ സ്വാഭാവിക നിയമങ്ങൾക്കകത്ത് പുലരുമ്പോൾ, മനുഷ്യൻ പ്രകൃതിബന്ധങ്ങളെ മനസ്സിലാക്കുകയും തനിക്കാവശ്യമായ സൗകര്യങ്ങളെ കൃത്യമായി ഒരുക്കി മുന്നോട്ടുപോകുകയും ചെയ്യുന്നു. ഇത്തരം മാറ്റങ്ങൾക്കാവശ്യമായ വിവരങ്ങളെ കൈമാറുന്നതിനുള്ള പ്രാപ്തി കൈവരിച്ച മനുഷ്യൻ ആ അറിവുകളുടെ സഞ്ചയത്തിന്റെ ഉടമയാണ്. ഈ അറിവുകളുടെ പ്രയോഗത്തിലൂടെയാണ് ഇത്തരം ഇടപെടലുകൾക്ക് തുടർച്ചകളും വളർച്ചകളും ഉണ്ടാകുന്നത്. ഇതിനെയാണ് മൊത്തത്തിൽ നാം വികസനമെന്ന് വിളിക്കാറുള്ളതും.

സ്വാഭാവിക പ്രകൃതിക്ക് പകരമായ ഇടപെടലുകൾ ഒരു തരത്തിൽ പ്രകൃതിവിരുദ്ധത തന്നെയാണ്. ആ അർത്ഥത്തിൽ കൃഷിപോലും ഒരു പ്രകൃതിവിരുദ്ധ ഇടപെടലാണെന്ന് പറയാം. പ്രകൃതിയുടെ ഭാഷ ജൈവവൈവിധ്യത്തിന്റേതാണ്. മാനവരാശിയുടെ 'വികസന' ഇടപെടലുക

ളെല്ലാം തന്നെ ഒരുതരത്തിൽ സ്വാഭാവിക പ്രകൃതിനിയമങ്ങൾക്കനുസരിച്ചല്ല. അതിരുകടന്ന ഇത്തരം ഇടപെടലുകളിലൂടെ ഈട്ടം കൂടുന്ന പ്രശ്നങ്ങളാണ് അപരിഹാര്യമായ ഈ പാരിസ്ഥിതിക പ്രതിസന്ധികളായി മനുഷ്യന്നും ഇതര പ്രകൃതിഘടകങ്ങൾക്കും ഏറ്റു വാങ്ങേണ്ടിവരുന്നത്. ഇത് പലപ്പോഴും നമ്മുടെ നിലനിൽപിനുതന്നെ ഭീഷണിയാകുന്നുണ്ട്. എന്നാൽ പ്രകൃതിവിഭവങ്ങളെക്കുറിച്ചും പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചും പ്രകൃതിഘടകബന്ധങ്ങളെക്കുറിച്ചും മനുഷ്യൻ ആർജ്ജിച്ചിട്ടുള്ള അറിവുകളും അവയുടെ ശാസ്ത്രീയ വിശകലനത്തിലൂടെ എത്തിച്ചേരുന്ന തിരിച്ചറിവുകളും സുസ്ഥിര വികസന സമീപനങ്ങൾ രൂപപ്പെടുത്തുന്നതിനും വികസനം പരമാവധി പരിസ്ഥിതിസൗഹൃദമായി നടപ്പിലാക്കുന്നതിനും മാനവരാശിക്ക് കഴിവുണ്ടാക്കുമെന്നതിൽ സംശയമില്ല. പരിസ്ഥിതിനാശത്തിലേക്ക് നയിക്കുന്ന വികസന സമീപനത്തിൽ നിന്ന് പരിസ്ഥിതിസൗഹൃദ വികസന സമീപനത്തിലേക്കുള്ള മാറ്റം ഉറപ്പാക്കാൻ പൊതുബോധവും രാഷ്ട്രീയബോധവും മാറ്റേണ്ടതുണ്ട്.

മനുഷ്യന്റെ നിലനിൽപിന് ആധാരമായ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ പ്രകൃതിയിൽ നിന്ന് ലഭിക്കുന്നവയാണ്; പ്രകൃതി ഒരുക്കുന്നവയാണ് - ശുദ്ധവായു, ശുദ്ധജലം, ഭക്ഷണം എന്നിങ്ങനെ. ഇവയ്ക്കൊന്നും കാര്യമായ വില നിശ്ചയിക്കുന്നില്ല! എന്നാൽ വികസനത്തിന്റെ പേരിൽ അവർ സൃഷ്ടിച്ചെടുക്കുന്ന നിർമ്മിതികൾക്കും വരുന്ന മാറ്റങ്ങൾക്കും പണത്തിന്റെ അളവിൽ മൂല്യം സ്വയം നിശ്ചയിക്കുകയും പ്രകൃതി നൽകുന്ന വിഭവങ്ങൾക്ക് ഒരു വിലയും നൽകാതിരിക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ രീതി. ഉദാഹരണമായി പ്രകൃതിയിൽ നിന്നെടുക്കുന്ന പാറമണൽ, വെള്ളം, മരം, മറ്റ് വിഭവങ്ങൾ എന്നിവയെല്ലാം ചേരുവകളായി ചേർത്ത് വീട് നിർമ്മിക്കുകയും അതിന്റെ വില ഒരുകോടി രൂപ എന്ന് നിശ്ചയിക്കുകയും ചെയ്യുന്നു. ഇടനിലക്കാർ പണം വാങ്ങുമെങ്കിലും പ്രകൃതിക്കാരും പണം നൽകാറില്ല. നമുക്കുവേണ്ടി ഒരുക്കുന്ന അടിസ്ഥാനവിഭവങ്ങൾക്കും പണം നൽകാറില്ല. ശുദ്ധവായു ഏവർക്കും ലഭ്യമാക്കുന്ന തരത്തിൽ തുല്യനീതിയോടെ പ്രകൃതി ലഭ്യമാക്കുന്നു. എന്നാൽ ഇത്തരത്തിൽ ഒരു അടിസ്ഥാന വിഭവത്തെയും നൽകാൻ പണത്തിനാവില്ല! ഒരു കോടിരൂപ നൽകിയാൽ ഒരു മില്ലീലിറ്റർ ഓക്സിജൻ ഉണ്ടാക്കാനാവില്ലല്ലോ. നിലനിൽപിന്നാധാരമായ ഘടകങ്ങളെ ഇല്ലായ്മചെയ്യുകയും പരസ്പരബന്ധങ്ങളെയും അതുവഴിയുള്ള സന്തുലനാവസ്ഥകളെയും തകിടംമറിക്കുകയും ചെയ്ത് ലഭിക്കുന്ന പണം കുന്നുകൂട്ടി വയ്ക്കുന്നു. എന്നാൽ ഈ പണം ഉപയോഗിച്ച് പ്രകൃതിഘടകങ്ങളെ പുനഃസൃഷ്ടിക്കാനാവുകയില്ല. മനുഷ്യന്റെ വികസനത്തിന്റെ അളവുകോൽ ആയി സ്വാഭാവിക പ്രകൃതി ബന്ധങ്ങളിൽ ഒരു പങ്കും വഹിക്കാനില്ലാത്ത "പണത്തെ" മാറ്റിയതാണ് മാനവരാശി നേരിടുന്ന പ്രതിസന്ധിക്ക് പ്രധാന കാരണം. ഈ തലതിരിഞ്ഞ ബോധമാണ് പ്രശ്നങ്ങൾക്ക്

കാരണം. സമൂഹത്തിൽ നടക്കുന്ന വാശിയേറിയ മത്സരങ്ങൾ പണബന്ധിതമായ വികസനത്തിന്റെ വിഭവങ്ങളെ കൈപ്പിടിയിലൊതുക്കാനാണ്. വിഭവങ്ങളെ കൈപ്പിടിയിലൊതുക്കുന്ന ന്യൂനപക്ഷം നടത്തുന്ന ഇടപെടൽ ഭൂരിപക്ഷത്തിന്റെ നിലനിൽപിന് ഹാനികരമാകുന്നതോടെ അതിനെ ചെറുക്കുക എന്ന ആവശ്യം ഉയരുന്നു. മനുഷ്യൻ തങ്ങളുടെ സാമൂഹ്യ ബന്ധങ്ങൾക്കായി രൂപപ്പെടുത്തിയ നിയമങ്ങളും ചട്ടങ്ങളും തങ്ങൾക്കനുകൂലമാക്കി, കൈക്കലാക്കിയ വിഭവങ്ങളുടെ പുറത്തുള്ള അവകാശങ്ങളെ നിലനിർത്തുന്നു. ഇത് നിയമനിർമ്മാണത്തിലൂടെയും നിയമമാറ്റത്തിലൂടെയും സാധിച്ചെടുക്കുന്നു.

വിഭവങ്ങളുടെ പുറത്തുള്ള ആധിപത്യം അധികാരം തന്നെയാണ്. അധികാരം നിലനിർത്തുന്ന പ്രക്രിയ രാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരിസ്ഥിതിപ്രശ്നങ്ങൾ വികസനവുമായി ബന്ധപ്പെട്ടതായതിനാൽ വികസനം എങ്ങനെ വേണമെന്ന തീരുമാനം രാഷ്ട്രീയ തീരുമാനമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇന്നത്തെ പ്രശ്നങ്ങൾക്കു കാരണം വികസനത്തിന്റെ രാഷ്ട്രീയം തന്നെയാണ്.

അമിത വിഭവചൂഷണത്തിലൂടെ ചെറുന്യൂനപക്ഷം അവരുടെ സമ്പത്ത് വർദ്ധിപ്പിക്കുകയാണ്. പരിസ്ഥിതി തകർച്ചയ്ക്ക് ആക്കം കൂട്ടുന്ന വികസനത്തിന്റെ ഇരകളാണ് ബഹുഭൂരിപക്ഷവും. മാനവന്റെ സ്വസ്ഥജീവിതം ഉറപ്പാക്കാനാവശ്യമായ നല്ല ഭൂമി, നല്ല വെള്ളം, നല്ല വായു, നല്ല ആഹാരം ഇതൊക്കെ ഇല്ലായ്മ ചെയ്യുന്ന ജനവിരുദ്ധ വികസന സമീപനവും അതിനെ നിലനിർത്തുന്ന രാഷ്ട്രീയവുമാണ് മാറേണ്ടത്. ഇന്ന് ലോകം അഭിമുഖീകരിക്കുന്ന അന്തർദേശീയ, ദേശീയ, പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങളെ ഇതിലേക്ക് കണ്ണി ചേർക്കാനാവും എന്നതിൽ സംശയമില്ല. ഈ തിരിച്ചറിവ് പകർന്നു നൽകിക്കൊണ്ട് പരസ്പരം പങ്കുവയ്ക്കുകയും അതുവഴി സുസ്ഥിര വികസനത്തിന്റെ രാഷ്ട്രീയത്തിനു വേണ്ടി വാദിക്കാൻ പ്രാപ്തമാക്കുകയും ചെയ്യുക എന്നതാണ് ഹരിതസംവാദങ്ങളുടെ കാതൽ. സാമൂഹ്യനീതി, സുസ്ഥിരത, ജനാധിപത്യ ബോധം ഇവ ഉയർന്നുവരുന്ന സാമൂഹ്യ അവസ്ഥയിൽ മാത്രമെ പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റം ഒഴിവാക്കപ്പെടുകയുള്ളൂ. അതാണ് നാം സ്വപ്നം കാണുന്ന സാമൂഹ്യമാറ്റം. സുസ്ഥിര വികസനത്തിന്റെ രാഷ്ട്രീയ ബോധത്തിലൂടെ ഇന്ന് ഇന്ത്യയിലും കേരളത്തിലും നടക്കുന്ന വികസന ഇടപെടലുകളെ വിലയിരുത്തുക എന്നത് അനിവാര്യമാണ്. യഥാർത്ഥത്തിൽ പരിസ്ഥിതിവിരുദ്ധത എന്നത് വികസന വിരുദ്ധത തന്നെയാണ്. ഇവയെ മാറ്റുന്നതിനുള്ള കൂട്ടായ ശ്രമങ്ങളാണ് പ്രതിരോധങ്ങളായി വളർന്നു വരേണ്ടത്. ജനസംവാദങ്ങളുടെ മുഖ്യ ലക്ഷ്യം ഈ പൊതു കാഴ്ചപ്പാടിനെ പങ്കുവയ്ക്കുക എന്നതാണ്.

പ്രകൃതി പൊതുവായും, അതിന്റെ വിവിധ ഘടകങ്ങളായ ഭൂമി, വനം, ജലം, ജൈവവൈവിദ്ധ്യം എന്നിവയോരോന്നും വിശേഷിച്ചും, കേരളത്തിന്റെ നിലനിൽപ്പിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഇവയുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവുമാണ് കേരളത്തിന്റെ സുസ്ഥിരതയുടെ മുന്നുപാധി. എന്നാൽ ഈ ഉപാധി പാലിക്കുന്നതിൽ കേരളം പുറകോട്ടു പോയിരിക്കുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെ സാധാരണ വിലയിരുത്തുന്നത് അതിനെ മൂന്ന് ഭാഗങ്ങളായി വിഭജിച്ചു കൊണ്ടാണ്. മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയാണവ. മലനാട് പ്രദേശം പൊതുവെ വനാവൃതമാണ്; മഴക്കാടുകൾ നിറഞ്ഞ പ്രദേശം. സമുദ്രനിരപ്പിൽ നിന്ന് 76 മീറ്റർ മുതൽ ഉയരത്തിലാണതിന്റെ സ്ഥാനം. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ പ്രാധാന്യം അതിനുണ്ട്. ആ നിലയ്ക്ക് ഈ മേഖലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ വനസംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വേണം ആസൂത്രണം ചെയ്യാൻ എന്ന കാര്യത്തിൽ ഒരു പൊതുസമവായം കേരളത്തിൽ ഉണ്ടായി വന്നിട്ടുണ്ട്. സമുദ്രനിരപ്പിൽ നിന്ന് 7.6 മീറ്റർ മുതൽ 76 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണ് ഇടനാട്. ചെങ്കൽ കുന്നുകളും അവയുടെ താഴ്വാരത്തിലുള്ള വയലുകളും തെങ്ങുകളും മറ്റു വൃക്ഷ വിളകളുമുള്ള സമതല പ്രദേശവും ഇടനാട്ടിൽ ഉൾപ്പെടുന്നു. സമുദ്ര നിരപ്പിൽ നിന്ന് 7.6 മീറ്റർ വരെ ഉയരമുള്ള പ്രദേശമാണ് തീരപ്രദേശം. 590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരം ഇവിടെയുണ്ട്. കടൽത്തീരത്തിന് സമാന്തരമായി കായലുകളും കുന്നുകളും സ്ഥിതി ചെയ്യുന്നു. വളരെ ചെറിയ ഒരു പ്രദേശം -കുട്ടനാട്- സമുദ്ര നിരപ്പിൽ നിന്ന് താഴ്ന്ന് സ്ഥിതി ചെയ്യുന്നു. ഈ മൂന്ന് മേഖലകളിലും ഭൂവിനിയോഗ രീതിക്ക് മാറ്റം ഉണ്ടായിട്ടുണ്ട്. ഈ മാറ്റം ഗുണപരമല്ലെന്ന് മാത്രമല്ല, നാശോന്മുഖം കൂടിയാണ്. അത് ഭക്ഷ്യ ക്ഷാമം, ജലക്ഷാമം, ദാരിദ്ര്യം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളിലേക്ക് കേരളത്തെ നയിക്കും. അതിനെല്ലാമുപരിയായി പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾ കേരളത്തെ പാരിസ്ഥിതികമായി വാസയോഗ്യമല്ലാത്ത ഒരു സ്ഥലമായി മാറ്റിയേക്കാം. നമുക്ക് കേരളത്തിലെ ചില ഭൂരൂപങ്ങളുടെ ഘടനയിൽ വന്നിട്ടുള്ള മാറ്റങ്ങളെ അളവുപരമായി വിശകലനം ചെയ്യാം.

## പശ്ചിമഘട്ടവും കാടും

അതിലോലമായ പരിസ്ഥിതിയും സങ്കീർണ്ണ സ്വഭാവമുള്ള ആവാസവ്യവസ്ഥയുമാണ് പശ്ചിമഘട്ടത്തിന്റേത്. തെക്കു മുതൽ വടക്കു വരെ വ്യത്യസ്ത കാലാവസ്ഥ, ഭൂമിശാസ്ത്ര ജൈവമേഖലകൾ, കിഴക്കൻ ചരിവിലും പടിഞ്ഞാറൻ ചരിവിലും അനുഭവപ്പെടുന്ന വ്യത്യസ്ത കാലാവസ്ഥാ രീതികൾ എന്നിവയൊക്കെ ചേർന്നാണ് ഈ സവിശേഷ അവസ്ഥയെ നിലനിർത്തുന്നത്. പശ്ചിമഘട്ടത്തിന്റെ താഴ്ന്ന പ്രദേശങ്ങളിൽ ആർദ്രവും ശീതോഷ്ണവുമായ കാലാവസ്ഥയാണ്. മൺസൂൺ കാറ്റുകളാണ് ഈ കാലാവസ്ഥയെ നിയന്ത്രിക്കുന്നതും മഴയ്ക്ക് കാരണമാകുന്നതും. ഒരു വർഷം 3000 മുതൽ 4000 വരെ മി.മീ മഴ ലഭിക്കുന്നു. ഇത്രയും മഴ കിട്ടുമെങ്കിലും ആ വെള്ളം മുഴുവൻ ശേഖരിച്ചു വയ്ക്കാൻ പശ്ചിമഘട്ടത്തിനാവില്ല. കാരണം ഈ പർവ്വതനിരയുടെ ഉൾഭാഗത്തുള്ള പാറകൾക്ക് ജലം വലിച്ചെടുക്കാൻ കഴിവില്ല. കട്ടികുറഞ്ഞ മേൽമണ്ണാണ് പാറകളെ മൂടിയിരിക്കുന്നത്. അവിടെയും വെള്ളം ശേഖരിക്കപ്പെടുന്നില്ല. വളരെ കുറച്ചു വെള്ളം പാറകളുടെ വിടവുകളിലേക്ക് അരിച്ചിറങ്ങും. വെള്ളം ശേഖരിക്കുന്നത് പർവ്വത മുകളിലെ വനമേഖലയാണ്. തട്ടുതട്ടായ ഇലച്ചാർത്തുകൾ, മേൽമണ്ണിൽ വീണു കിടക്കുന്ന സ്പോഞ്ച് രൂപത്തിലുള്ള ജൈവാവശിഷ്ടങ്ങൾ ഇവയൊക്കെ വെള്ളത്തെ പിടിച്ചു നിർത്തുന്നു. സൂര്യതാപവും കാറ്റും കാടിനുള്ളിലേയ്ക്ക് കാര്യമായൊന്നും എത്തുന്നുമില്ല. അതുകൊണ്ട് സംഭരിക്കപ്പെടുന്ന വെള്ളം അധികമൊന്നും വറ്റിപ്പോകുന്നില്ല. കാലവർഷം മാത്രമല്ല, തണുപ്പേറിയ ഉയർന്ന മലനിരകളും പ്രാദേശികമായി മഴയും മഞ്ഞും പ്രദാനം ചെയ്യുന്നു. ഇങ്ങനെ കിട്ടുന്ന വെള്ളത്തിൽ അധികവും താഴോട്ട് ഒഴുകുന്നു. ഇങ്ങനെയാണ് കേരളത്തിലെ 44 നദികളും ഉത്ഭവിക്കുന്നത്. ഇതാണ് കേരളത്തിന്റെ ജല സമ്പത്ത്. കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളെയും കായൽ നിലങ്ങളെയും തുരുത്തുകളെയും തണ്ണീർത്തടങ്ങളെയുമൊക്കെ നിലനിർത്തുന്നത് ഇവതന്നെ. ഇങ്ങനെ നോക്കുമ്പോൾ പശ്ചിമഘട്ടം കേരളത്തിന്റെ ജലസ്തംഭമാണ്.

പശ്ചിമഘട്ടത്തിലെ കാടുകളിൽ 45 വിഭാഗം ആദിവാസികളുണ്ട്. ഇവരുടെ എണ്ണം കേരള ജനസംഖ്യയുടെ ഒരു ശതമാനത്തിലധികം വരും. കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കാടർ, കൊറഗർ, കുറുമ്പർ എന്നീ അഞ്ചു തരം പ്രാക്തനഗോത്രവർഗ്ഗങ്ങളും ഇവരിൽ പെടുന്നു.[1] ആദിവാസികളെ കൂടാതെ വിവിധ കാലയളവുകളിലായി പശ്ചിമഘട്ടത്തിലേയ്ക്ക് കുടിയേറിപ്പാർത്ത ജനങ്ങളുമുണ്ട്. ഇവരിൽ നല്ലൊരു ഭാഗം കർഷകരാണ്. പശ്ചിമഘട്ടത്തിൽ കുടിയേറിയവർക്ക് സർക്കാർ പട്ടയം കൊടുക്കാൻ തുടങ്ങിയതോടെ വനങ്ങളും മലനിരകളും കയ്യേറുന്ന പ്രവണത വർദ്ധിച്ചുവന്നു.

ജൈവവൈവിധ്യത്താൽ സമ്പന്നമാണ് ഈ പ്രദേശം. 5000 ഇനം സപുഷ്പികളായ സസ്യങ്ങൾ, 139 ഇനം സസ്തനികൾ, 508 ഇനം പക്ഷികൾ, 179 ഇനം ഉഭയജീവികൾ, 102 ഇനം മത്സ്യങ്ങൾ, 334 ഇനം പൂമ്പാറ്റകൾ, 316 ഇനം കക്കകൾ, 600ൽ ഏറെ ഇനം പ്രാണികൾ [2] എന്നിവ ഇവിടെ ഉള്ളതായി കണക്കാക്കുന്നു.

പശ്ചിമഘട്ടവും അവിടുത്തെ വനഭൂമിയും കടുത്ത നാശത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. 1940 മുതൽ 1970 വരെയുള്ള മൂന്നു പതിറ്റാണ്ടു കാലത്താണ് ഏറ്റവും കൂടുതൽ വനം നശിപ്പിക്കപ്പെട്ടത്. ഏകദേശം 1,54,000 ഹെക്ടർ. പ്രതിവർഷം 5000 ഹെക്ടർ വനം നശിപ്പിക്കപ്പെട്ടു എന്നർത്ഥം.

2011 ലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം കേരളത്തിലെ ആകെ വന വിസ്തൃതി 17300 ച.കി.മീ ആണ്. ഇത് ആകെ കേരളത്തിന്റെ വിസ്തൃതിയുടെ 44% വരും. എന്നാൽ ഈ കണക്ക് വിശ്വാസയോഗ്യമല്ല. വനപ്രദേശത്തിന് പുറത്ത് സാമൂഹിക വനവത്കരണത്തിന്റെയും കൃഷിയിടങ്ങളിലെ വൃക്ഷവത്കരണത്തിന്റെയുമൊക്കെ ഫലമായി ഉണ്ടായ വൃക്ഷാവരണത്തെ വനമായി കണക്കാക്കിയതാണ് ഇതിന്റെ കാരണം. 2012 ലെ കേരളസർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിലെ ആകെ വനവിസ്തൃതി 11309.50 ച.കി.മീ ആണ്. ഇത് ആകെ കേരള വിസ്തൃതിയുടെ 29.10% വരും. ഈ കാടിന്റെ നിയമപരമായ സ്ഥിതി താഴെ ചേർക്കുന്നു.

**പട്ടിക 1**

കേരളത്തിലെ വനം നിയമപരമായ സ്ഥിതി [3]

| | |
|---|---|
| റിസർവ് വനം | 9107.20 ച.കി |
| റിസർവ് വനമായി നിർദ്ദേശിക്കപ്പെട്ടത് | 364.50 ച.കി |
| നിക്ഷിപ്തവനവും E.F.L ഉം ചേർന്ന് | 1837.79 ച.കി |

2011 ൽ കേരളവനംവകുപ്പിന്റെ കണക്കനുസരിച്ചുള്ള വിവിധ വിഭാഗം വനങ്ങളുടെ അളവ് പട്ടിക 2 ൽ കാണിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആകെ വനഭൂമി 11304.47 ച.കി.മീ ആണ്. ഇതിൽ 1492 ച.കി.മീ തോട്ടങ്ങളും 501.92 ച.കി.മീ പുൽമേടുകളും 1044.47 ച.കി.മീ മറ്റു ഭൂമിയും ഉൾപ്പെടുന്നു. ഇവയെല്ലാം ചേർന്ന് ആകെ വനഭൂമിയുടെ 26.86% വരും. അതായത് യഥാർത്ഥ വനഭൂമി 8762.29 ച.കി.മീ മാത്രമാണ്. ഇത് കേരളത്തിന്റെ ആകെ വിസ്തൃതിയുടെ നാലിലൊന്നിൽ താഴെയാണ്. ചുരുങ്ങിയത് മൂന്നിലൊന്നെങ്കിലും ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്താൻ കഴിയൂ.

കേരളത്തിലെ അതിരൂക്ഷമായ വനനാശത്തിന്റെ കാരണമെന്ത് എന്ന ചോദ്യത്തിന് താഴെ പറയുന്ന ഉത്തരങ്ങളാണ് പൊതുവിൽ ലഭിക്കുന്നത്.

1. ജനസംഖ്യാ വർദ്ധനവും ഭക്ഷ്യക്ഷാമവും: ഇത് മൂലം വനത്തിലേക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കപ്പെട്ടു.

**പട്ടിക 2**

കേരളത്തിലെ വിവിധ ഇനം വനങ്ങൾ [4]

| ക്രമ നമ്പർ | വനവിഭാഗം | വിസ്തീർണ്ണം ച.കി.മീ | ആകെ വനത്തിന്റെ ശതമാനം |
|---|---|---|---|
| 1. | ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ | 3877.44 | 34.24 |
| 2. | ആർദ്ര നിത്യഹരിത വനങ്ങൾ | 3615.98 | 31.97 |
| 3. | ഉഷ്ണമേഖലാ വൃഷ്ടി പ്രദേശങ്ങളിലെ ഇലകൊഴിയുന്ന മരങ്ങൾ ഉൾപ്പെടുന്ന വനമേഖല | 391.36 | 3.46 |
| 4. | ഉഷ്ണമേഖലയിലെ വരണ്ട പ്രദേശങ്ങളിലെ ഇലകൊഴിയുന്ന മരങ്ങൾ ഉൾപ്പെടുന്ന വനമേഖല | 386.42 | 3.42 |
| 5. | തോട്ടങ്ങൾ | 1492.92 | 13.2 |
| 6. | പുൽമേടുകൾ | 501.09 | 4.43 |
| 7. | മറ്റുള്ളവ | 1044.47 | 9.23 |
| 8. | ആകെ | 11304.47 | 100 |

2. സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ: കാടിനെ ഒരു സാമ്പത്തിക സ്രോതസ്സായി കാണുന്ന പ്രവണത കൊളോണിയൽ ഭരണകാലം മുതലേ ഉണ്ടായിരുന്നു.
3. സ്വത്തവകാശം : വനഭൂമിയുടെ ഉടമസ്ഥർക്ക് തടി വെട്ടി വിൽക്കുവാനുള്ള അവകാശം.
4. വിനോദസഞ്ചാര വ്യവസായം : കൂടുതൽ റോഡുകളും കെട്ടിടങ്ങളും വന്നു. വികസനമെന്നാൽ കൂടുതൽ വനനശീകരണം എന്നായി മാറി.
5. അണക്കെട്ടുകൾ, ജലസംഭരണികൾ : വൈദ്യുത പദ്ധതികളും അനുബന്ധ വികസനങ്ങളും ഇതി ന്റെ ഭാഗമായി വന്നു. 29600 ഹെക്ടർ വനം ഇങ്ങനെ നഷ്ടമായിട്ടുണ്ടെന്ന് കണക്കാക്കുന്നു. [5]
6. തോട്ടങ്ങൾ : കൊളോണിയൽ ഭരണത്തിന്റെ ബാക്കിപത്രമാണിത്. 1,53,800 ഹെക്ടർ വനം ഈയിനത്തിൽ നഷ്ടമായിട്ടുണ്ടെന്ന് കണക്കാക്കുന്നു. [6]
7. ഖനനം : കേരളത്തിൽ വൻകിട ഖനനങ്ങളില്ല. എന്നാലും കരിങ്കൽ ക്വാറികൾ ധാരാളമുണ്ട്. ചെങ്കൽ കുന്നുകളും ഖനനം ചെയ്യപ്പെടുന്നു.

മേൽപ്പറഞ്ഞ കാരണങ്ങൾ ഇപ്പോഴും തുടരുകയാണ്. ഇവയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് ഇപ്പോഴും സർക്കാറിന്റെ നയസമീപനങ്ങൾ വരുന്നത്.

## ഇടനാടും തീരപ്രദേശവും നെൽവയലുകളും

ഇടനാടും തീരദേശവും പശ്ചിമഘട്ടം നേരിടുന്നതിനു സമാനമായ പ്രതിസന്ധികൾ നേരിടുന്നുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണക്ക് പ്രകാരം കേരളത്തിൽ കാസർഗോഡ്, വയനാട്, കോഴിക്കോട്, ആലപ്പുഴ എന്നിവ ഒഴികെയുള്ള 9 ജില്ലകളിൽ മാത്രമായി 6814 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് (2011). ഇവ വനമേഖലയിലും ഇടനാട്ടിലും വരും. ഇവയിൽ 72 ശതമാനവും കരിങ്കല്ല് ഖനനം ചെയ്യുന്നവയായിരുന്നു. ബാക്കിയുള്ളവ ചെങ്കല്ല്, മണൽ, കളിമണ്ണ് എന്നിവ ഖനനം ചെയ്യുന്നവയും. തീരമേഖലയിലെ വിവിധതരം ഖനനങ്ങൾ എടുത്തുപറയേണ്ടതാണ്. മുഖ്യമായും ആലപ്പുഴയുടെ തെക്കൻ ഭാഗമായ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ മേഖലയിലെയും കൊല്ലം ജില്ലയിലെ ചവറ മേഖലയിലെയും കരിമണൽ ഖനനം, തീരദേശത്ത് നടക്കുന്ന വിവിധതരം നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവയൊക്കെ ഈ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്നു. ഇവയിൽ എടുത്തുപറയേണ്ടത് ഒരു ഭൂരൂപമെന്ന നിലയിൽ നെൽവയലിന്റെ നാശമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായാണ് കേരളത്തിൽ വനം കയ്യേറ്റം തീവ്രമാകാൻ തുടങ്ങിയതെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലാണ് വയൽനാശം തീവ്രമായത്. 1960-61 കാലത്ത് കേരളത്തിലെ നെൽവയലിന്റെ വിളവിസ്തൃതി 7.90 ലക്ഷം ഹെക്ടർ ആയിരുന്നത് 2012-13 ആയപ്പോൾ 1.97 ലക്ഷം ഹെക്ടറായി കുറയുന്നത് കാണാം. ഇത് സംബന്ധിച്ച് ലഭ്യമായ കണക്കുകൾ പട്ടിക 3 ൽ കൊടുത്തിട്ടുണ്ട്

പട്ടിക 3

കേരളത്തിലെ നെല്ലുത്പാദനത്തിന്റെ തകർച്ച [7]

| വർഷം | വിളവിസ്തൃതി ലക്ഷം ഹെക്ടർ | ഉത്പാദനം ലക്ഷം ടൺ | ഉത്പാദനക്ഷമത കി.ഗ്രാം/ഹെക്ടർ |
|---|---|---|---|
| 1960-61 | 7.90 | 10.68 | 1371 |
| 1970-71 | 8.75 | 12.98 | 1483 |
| 1980-81 | 8.02 | 12.72 | 1590 |
| 1990-91 | 5.59 | 10.87 | 1940 |
| 2001-02 | 3.22 | 7.03 | 2182 |
| 2009-10 | 2.34 | 6.25 | 2671 |
| 2012-13 | 1.97 | 5.08 | 2577 |

നെൽവയലിന്റെ വിസ്തൃതിയിൽ വരുന്ന മാറ്റം രണ്ട്കാര്യങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്. 1960 - 70 ദശകത്തിൽ നെൽവയലിന്റെ വിസ്തൃതി വർദ്ധിക്കുകയായിരുന്നു. യഥാർത്ഥത്തിൽ കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ കാര്യമെടുത്താൽ കേരളപ്പിറവിക്ക് ശേഷമുള്ള രണ്ടുദശവർഷക്കാലം വൻവർദ്ധനവുണ്ടായിട്ടുണ്ട്. കേരളപ്പിറവിക്ക് മുമ്പ് കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ വിസ്തൃതി 23ലക്ഷം ഹെക്ടറായിരുന്നു. എന്നാൽ ഇത് 1969 ആയപ്പോൾ 29 ലക്ഷമായി ഉയർന്നു. കുടിയിറക്ക് നിരോധന നിയമത്തിന്റെയും ഭൂപരിഷ്കരണത്തിന്റെയും ഫലമായി കാർഷികമേഖലക്കുണ്ടായ ഉണർവ്വാണ് ഇത് കാണിക്കുന്നത്. ഇത് നെൽവയൽ വിസ്തൃതിയിലും പ്രതിഫലിച്ചു. 1980 മുതൽ 2013 വരെയുള്ള 23 വർഷംകൊണ്ട് നെൽവയലിന്റെ വിസ്തൃതിയിൽ ആറ് ലക്ഷം ഹെക്ടറിന്റെ കുറവുണ്ടായിട്ടുണ്ട്. അതിന്റെ കാരണം ഇക്കാലത്തെ സർക്കാരുകളുടെ നയവൈകല്യങ്ങൾ കൂടിയാണ്.

രണ്ടാമത്തെ സംഗതി കേരളത്തിലെ നെൽവയലുകളുടെ ഉത്പാദനക്ഷമതയും ക്രമേണ ഉയർന്നുവരുന്നുണ്ടെന്നതാണ്. 1960 കളിലെ ഉത്പാദനക്ഷമതയുടെ ഇരട്ടിയോളമാണ് 2010 ആകുമ്പോൾ നെല്ലിന്റെ ഉത്പാദനക്ഷമത. ഇത് കാർഷികമേഖലയിൽ ആധുനിക കൃഷിരീതി സ്വീകരിച്ചതിന്റെ ഫലമായി ഉണ്ടായതാണ്. എന്നിട്ടും ഇക്കാലമായപ്പോൾ മൊത്തം ഉത്പാദനം 40 ശതമാനം കണ്ട് കുറഞ്ഞു. ഉത്പാദനക്ഷമതയെയും മറികടക്കുന്ന തരത്തിൽ രൂക്ഷമാണ് വയൽനാശം. ഇവ താഴെപ്പറയുന്ന പ്രശ്നങ്ങളിലേക്ക് നയിച്ചു.

1. ഭക്ഷ്യധാന്യോത്പാദനത്തിലെ ഇടിവ്
2. ധാന്യേതര ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനത്തകർച്ച
3. മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ്
4. ദിനാവസ്ഥയിൽ വരുന്ന ചാഞ്ചാട്ടങ്ങൾ
5. ജലക്ഷാമവും വരൾച്ചയും
6. ജൈവവൈവിധ്യനാശം
7. വിവിധ രൂപത്തിലുള്ള പാരിസ്ഥിതിക തകർച്ച
8. വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വം
9. ജീവിതസുരക്ഷയില്ലായ്മ
10 വിലക്കയറ്റവും ജനങ്ങളുടെ ക്രയശേഷിയിലെ ചോർച്ചയും
11. സാമൂഹിക സാംസ്കാരിക പ്രശ്നങ്ങൾ

ഇവയ്ക്ക് കാരണമാകുന്ന സർക്കാർ നയങ്ങൾ പൊതുവെ താഴെപ്പറയുന്നവയാണ്.

1. പരിസ്ഥിതിലോലമേഖലകളെ സംരക്ഷിക്കുന്നതിൽ നിന്ന് പിന്നോട്ടുപോകുന്നു.
2. നെൽവയൽ - തണ്ണീർത്തടനിയമത്തെ ദുർബലമാക്കുന്നു.
3. സ്വകാര്യമൂലധനത്തിന്റെ താത്പര്യാർത്ഥം അനാവശ്യ നിർമ്മിതിക

ൾക്കുള്ള അവസരമൊരുങ്ങുന്നു.

4. വർദ്ധിച്ച് വരുന്ന ഖനനങ്ങൾ, ക്വാറിയിംഗ്.

5. പെരുകുന്ന വാഹനങ്ങൾ നിയന്ത്രണമില്ലാത്ത നഗരവത്കരണം.

ഇത്തരത്തിലുള്ള തെറ്റായ നയങ്ങൾ അതിതീവ്രമായി നടപ്പാക്കുകയാണ് കേരള ഭരണകൂടം ചെയ്തു കൊണ്ടിരിക്കുന്നത്. അതിന്റെ ഏതാനും ഉദാഹരണങ്ങളാണ് ഇനി വിവരിക്കുന്നത്.

## പരിസ്ഥിതിലോലമേഖലകളെ സംബന്ധിച്ച ഒളിച്ചുകളി

പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ടാണ് പരിസ്ഥിതിലോല മേഖലകൾ എന്ന പ്രയോഗം സജീവ ചർച്ചയായി മാറിയത്. ഈ ആവശ്യത്തിനായി കേന്ദ്രസർക്കാർ നിയോഗിച്ച വിവിധ കമ്മറ്റികളാണ് പശ്ചിമഘട്ടത്തെ പരിസ്ഥിതിലോലതയുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളായി തിരിച്ച് സംരക്ഷണത്തിനുള്ള കർമ്മ പരിപാടികൾ നിർദ്ദേശിച്ചത്. ഈ ലക്ഷ്യം നേടുന്നതിനുള്ള യഥാർത്ഥ പരിമിതി എന്താണ്? പരിസ്ഥിതി ലോലത എന്ന കാര്യത്തിൽ പൊതു സ്വീകാര്യമായ ഒരു നിർവ്വചനം ഉണ്ടാവുകയോ അതിന് നിയമപരമായ സാധുത നൽകുകയോ ചെയ്തില്ല. പരിസ്ഥിതിലോല മേഖല എന്നുള്ള ആശയം 1980 മുതലുള്ള മൂന്നു പതിറ്റാണ്ടുകാലത്തെ വിവിധ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്നതാണ്. 1980 ൽ മഹാരാഷ്ട്രയിലെ മുരുഡ്-ജൻജിറ എന്ന തീരപ്രദേശ ഗ്രാമത്തിൽ മാഡ്ഗോവൻ ഡോക്സ് ലിമിറ്റഡ് എന്ന സ്ഥാപനം ഒരു കപ്പൽ നിർമ്മാണശാല നിർമ്മിച്ചപ്പോഴുണ്ടായ പരിസരപ്രശ്നങ്ങൾക്കെതിരെ ഉയർന്നുവന്ന ചർച്ചകളിൽ നിന്നാണിതിന്റെ തുടക്കം. പലവിധ ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം 1989 ൽ ഈ മേഖല പാരിസ്ഥിതിക പ്രാധാന്യമുള്ളതായി പ്രഖ്യാപിക്കുകയും കപ്പൽശാല പോലുള്ള വ്യവസായങ്ങൾ അവിടെ പാടില്ലെന്നു തീരുമാനിക്കുകയും ചെയ്തു. 1991 ൽ മഹാരാഷ്ട്രയിലെ തന്നെ ദഹാനു താലൂക്കിൽ ഉയർന്ന പരിസരപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് പരിസ്ഥിതിലോല മേഖല(Ecologicaly Fragile Area) എന്ന പ്രയോഗം ആദ്യമായി ഉണ്ടാകുന്നത്. ഇതേ തുടർന്ന് നിരവധി സ്ഥലങ്ങൾ പരിസ്ഥിതിലോല മേഖലകളായി പ്രഖ്യാപിക്കപ്പെട്ടു. പശ്ചിമഘട്ടത്തിൽ പരിസ്ഥിതിലോല മേഖലകൾ നിർണ്ണയിക്കുന്നതിന് കേന്ദ്രസർക്കാർ 2000-മാണ്ടിൽ പ്രണബ്സെൻ കമ്മറ്റിയെയും 2003 ൽ റാം മോഹൻ കമ്മറ്റിയെയും നിയോഗിക്കുകയുണ്ടായി. ഇങ്ങനെയൊക്കെയാണെങ്കിലും അഖിലേന്ത്യാതലത്തിൽ പൊതുസ്വീകാര്യമായ ഒരു നിർവ്വചനം പരിസ്ഥിതിലോല മേഖലയ്ക്ക് ഉണ്ടാകാതിരുന്നത് കാര്യങ്ങളെ സങ്കീർണ്ണമാക്കി.

ഈ അനിശ്ചിതാവസ്ഥ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കേരള സർക്കാർ പരിസ്ഥിതി ലോല മേഖല സംബന്ധിച്ച ഒളിച്ചുകളി തുടരുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിനുള്ള ശുപാർശകൾ സമർപ്പിക്കു

ന്നതിനായി നിയോഗിക്കപ്പെട്ട മാധവ്ഗാഡ്ഗിൽ സമിതി പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല മേഖലകൾ തീരുമാനിക്കുന്നതിനുള്ള ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിരുന്നു. അവ താഴെ പറയുന്നവയാണ്.

1. ജൈവഘടകങ്ങൾ :- തനത് ജീവജാതികളുടെ സമ്പന്നതയും അപൂർവ്വ ജാതികളുടെ സാന്നിധ്യവും.
2. സാംസ്കാരികവും ചരിത്രപരവുമായ ഘടകങ്ങൾ.
3. ഭൗമ കാലാവസ്ഥാ ഘടകങ്ങൾ:- ഭൂമിയുടെ കിടപ്പ്, മൺതരം, ചരിവ്, ഉയരം, ചതുപ്പുകളുടെ സാന്നിധ്യം, അന്തരീക്ഷ ആർദ്രത, മഴദിനങ്ങളുടെ എണ്ണം.
4. ദുരന്ത സാധ്യതകൾ: ഉരുൾപൊട്ടൽ, കാട്ടുതീ മുതലായവ.
6. നദികളുടെ ഉത്ഭവ സ്ഥാനങ്ങൾ.
7. ദേശീയോദ്യാനങ്ങളോടും വന്യജീവി സങ്കേതങ്ങളോടും ചേർന്ന് കിടക്കുന്ന സ്ഥലങ്ങൾ.
8. നദിയോര സസ്യജാലങ്ങളുടെ സ്വഭാവം [8]

ഇത്തരം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തി തരംതിരിച്ചു. എന്നാൽ തൊട്ടു പിന്നാലെ വന്ന ഡോ.കസ്തൂരിരംഗൻ കമ്മിറ്റി ഇത് മുഴുവനായി തള്ളിക്കളയുകയും പരിസ്ഥിതിലോല മേഖലയെ നിർണ്ണയിക്കാൻ പുതിയ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അവ (1) വനത്തിന്റെ ഛിന്നഭിന്നത (2) ജൈവ സമ്പുഷ്ടത എന്നിവ മാത്രമായിരുന്നു. [9] ഇങ്ങനെ മാനദണ്ഡങ്ങൾ മാറിയതിന്റെ ഫലമായി മാധവ് ഗാഡ്ഗിൽ സമിതി പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിച്ച വലിയൊരു ഭാഗം ഭൂപ്രദേശം ഈ പട്ടികയിൽ നിന്ന് പുറത്തായി. എന്നാൽ കസ്തൂരിരംഗൻ കമ്മറ്റി നിർദ്ദേശിച്ച പ്രദേശങ്ങൾപോലും പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കപ്പെട്ടില്ല. ഖനനമാഫിയയും അനധികൃതമായി സർക്കാർഭൂമി കൈവശം വച്ചിരിക്കുന്നവരും കയ്യേറ്റക്കാരും ഒക്കെ അടങ്ങുന്ന ഒരുകൂട്ടം നിക്ഷിപ്ത താൽപര്യക്കാർ പശ്ചിമഘട്ട സംരക്ഷണ നിർദ്ദേശങ്ങളെ, പ്രദേശവാസികളെ ആട്ടിപ്പായിക്കാനുള്ള ഗൂഢതന്ത്രമായി ചിത്രീകരിച്ച് പ്രക്ഷോഭമാരംഭിച്ചു. ഇക്കൂട്ടരുടെ താൽപര്യങ്ങളാണ് പ്രദേശവാസികളുടെ താൽപര്യങ്ങളെന്ന നിഗമനത്തിൽ സർക്കാരും, രാഷ്ട്രീയപ്പാർട്ടികളും എത്തിച്ചേരുകയും ചെയ്തു. ഇവരുടെ സമ്മർദ്ദഫലമായി സംസ്ഥാന സർക്കാർ ഡോ.ഉമ്മൻ വി. ഉമ്മനെ ചെയർമാനായി മറ്റൊരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റിയുടെ ഒന്നാമത്തെ നിർദ്ദേശം പശ്ചിമഘട്ടത്തിലെ ജനവാസകേന്ദ്രങ്ങളും കൃഷിസ്ഥലങ്ങളും വനവും വേർതിരിക്കണം എന്നും ഇത് കണ്ടെത്താൻ ഫീൽഡ്തല സർവ്വെ നടത്തണം എന്നുമായിരുന്നു. പശ്ചിമഘട്ടത്തിൽ സംരക്ഷിക്കപ്പെടേണ്ട വനഭൂമിയും കാവുകളും പുൽമേടുകളും മൊട്ടക്കുന്നുകളും പാറക്കെട്ടുകളും ഉണ്ട്. അവയെ കണ്ടെത്തി പരിസ്ഥിതിലോല മേഖലാ പ്രദേശമായി സംരക്ഷിക്കണം. ജനവാസകേ

ന്ദ്രങ്ങളും കൃഷിസ്ഥലങ്ങളും തോട്ടങ്ങളും മാത്രം E.S.A യിൽ നിന്ന് ഒഴിവാക്കാനും ഇതേ നിർദ്ദേശത്തിലൂടെ കമ്മറ്റി പറഞ്ഞു.[10] എന്നാൽ ഈ നിർദ്ദേശവും പാലിക്കപ്പെട്ടില്ല. ക്വാറി ഉടമകളുടെയും മറ്റു നിക്ഷിപ്ത താൽപര്യക്കാരുടെയും സമ്മർദ്ദ ഫലമായി കരിങ്കൽ ക്വാറികളും കുന്നുകളും ജനവാസമുള്ള എല്ലാ പ്രദേശങ്ങളും പരിസ്ഥിതി ലോല മേഖലയിൽനിന്ന് ഒഴിവാക്കപ്പെട്ടു. ഒടുവിൽ പരിസ്ഥിതിലോല മേഖലയായി ഇടതൂർന്ന വനങ്ങൾ മാത്രം നിർദ്ദേശിക്കപ്പെട്ടു. കസ്തൂരിരംഗൻ കമ്മറ്റി സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ മുന്നിൽ കേരള സർക്കാർ നൽകിയ റിപ്പോർട്ടിൽ വനഭൂമി മാത്രമാണ് E.S.A ആയി നിർദ്ദേശിച്ചിരിക്കുന്നത്. വനഭൂമിയെ മാത്രം E.S.A ആയി പ്രഖ്യാപിക്കുന്നത് പാരിസ്ഥിതികമായി യുക്തിസഹമല്ല എന്ന് പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം അറിയാവുന്ന ഏവരും സമ്മതിക്കും. എന്നാൽ ഇതു പരിഗണിക്കാതെ സർക്കാർ നടത്തുന്ന ഒളിച്ചുകളി പശ്ചിമഘട്ടത്തിന്റെ നാശത്തിന് വഴി വയ്ക്കും.

ഒരു വില്ലേജിനെത്തന്നെ ESA എന്നും ജനവാസകേന്ദ്രമെന്നും വിഭജിക്കാനുള്ള സംസ്ഥാനസർക്കാറിന്റെ നീക്കം ദുരുദ്ദേശപരമാണ്. ESA യെ കൃത്യമായി നിർണ്ണയിക്കാനുള്ള ശ്രമങ്ങളെ, നിക്ഷിപ്ത താൽപര്യക്കാർ നേരിട്ടത് ഹർത്താൽ പോലുള്ള സമരങ്ങൾ നടത്തിക്കൊണ്ടാണ്. ഒരുപ്രദേശം പരിസ്ഥിതിലോലമാണോ എന്നു നിശ്ചയിക്കുന്നതിന് പല ഘടകങ്ങൾ പരിശോധിക്കേണ്ടതുണ്ട്. പാരിസ്ഥിതികവ്യവസ്ഥനേരിടുന്ന ഭീഷണികളുടെ തീവ്രതയനുസരിച്ച് മേഖലകൾ തിരിച്ച് ഓരോ മേഖലയ്ക്കും ആവശ്യമായ സംരക്ഷണ നടപടികൾ നിശ്ചയിക്കുക എന്നതാണ് ലോകവ്യാപകമായി അംഗീകരിച്ചിട്ടുള്ള രീതി. വനപ്രദേശങ്ങൾക്കുള്ള നിയന്ത്രണങ്ങളും നടപടികളുമല്ല ജനവാസമേഖലയ്ക്കും കൃഷിമേഖലയ്ക്കും വേണ്ടത്. ഇപ്രകാരം ശാസ്ത്രീയമായി ESA നിർണ്ണയിച്ചാൽ കൃഷിയും, കാലിവളർത്തലും, പാർപ്പിട നിർമ്മാണവുമെല്ലാം നിരോധിക്കപ്പെടും എന്ന തെറ്റിദ്ധാരണ പരത്തിയാണ് മേൽപറഞ്ഞ കൂട്ടർ പ്രദേശവാസികളെ ESA യ്ക്ക് എതിരെ തിരിച്ചുവിട്ടത്. ശാസ്ത്രീയമായ പഠനത്തെ തള്ളിക്കളയുകയും വോട്ടുബാങ്കുകളെയും ക്വാറിമുതലാളിമാരെയും കയ്യേറ്റക്കാരെയും പ്രീണിപ്പിക്കുകയും ചെയ്യുന്ന സർക്കാർ നയം തിരുത്തേണ്ടതുണ്ട്.

## പശ്ചിമഘട്ടത്തിലെ പരിസ്ഥിതി പ്രാധാന്യമുള്ള ഭൂമി കയ്യേറ്റക്കാർക്ക് പതിച്ച് കൊടുക്കുന്നതിന് സർക്കാർ ശ്രമിക്കുന്നു

മുമ്പ് സൂചിപ്പിച്ചതു പോലെ പശ്ചിമഘട്ടത്തിലെ ഭൂമി വൻതോതിൽ കയ്യേറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കാട് വെട്ടിപ്പിടിച്ച് തോട്ടങ്ങളും കൃഷിഭൂമിയും രൂപപ്പെടുത്തിയവർ നിരവധിയുണ്ട്. ചില ചർച്ചകളുടെയും സമവായത്തിന്റേയും അടിസ്ഥാനത്തിൽ കുടിയേറ്റ കർഷകർക്ക് പട്ടയം കൊടുക്കാനുള്ള പൊതു തീരുമാനമുണ്ടായി. എന്നാൽ

നിക്ഷിപ്ത താൽപര്യക്കാർ കയ്യേറ്റം തുടർന്നുകൊണ്ടിരുന്നു. ഇവർക്കെല്ലാം അതേഭൂമി പതിച്ചുകൊടുക്കുന്നത് കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടുനീതി നടപ്പാക്കലാണ്. ഒപ്പം പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികത്തകർച്ചയ്ക്കും അത് കാരണമാകും. ഇത്തരം കയ്യേറ്റ ഭൂമികൾ ജനവാസകേന്ദ്രമെന്ന് വിശേഷിപ്പിക്കപ്പെടുകയും സംരക്ഷിതമേഖലക്ക് പുറത്താവുകയും ചെയ്യും. 2013 സെപ്തംബർ മുതൽ സർക്കാർ ഇതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ഇടുക്കിയിലും കോഴിക്കോടും കലാപസമാനമായ പ്രക്ഷോഭം ഉയർന്ന വേളയിൽ സമരക്കാരെ പ്രീണിപ്പിക്കാനായിരുന്നു സർക്കാർ ശ്രമിച്ചത്. 25.09.2013 ൽ ഇതുസംബന്ധിച്ച് ചേർന്ന ഒരുയോഗത്തിൽ " താഴെപ്പറയുന്ന നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉണ്ടായി.

1. ഇടുക്കി ജില്ലയിലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള പരമാവധിപേർക്ക് പട്ടയം നൽകണം. പത്ത് ചെയിൻ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകാൻ ഭൂമി ഉടനെ KSEB റവന്യൂ വകുപ്പിന് കൈമാറണം.
2. അടിയന്തിരമായി 5470 പട്ടയങ്ങൾ നൽകണം. ഇത് 7400 ഹെക്ടർ (18500 ഏക്കർ) ഭൂമി വരും.
3. ഭൂമി എന്ന് കയ്യേറിയെന്നോ മറ്റോ തെളിയിക്കേണ്ടതില്ല. കൈവശാവകാശം തെളിയിക്കുന്നതിനായി പരിഗണനീയമായ ഏതെങ്കിലും രേഖ ഹാജരാക്കിയാൽ മതി എന്ന് വ്യവസ്ഥ ചെയ്യത്തക്കരീതിയിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യണം.
4. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലേയ്ക്കും പത്ത് ചെയിൻ പ്രദേശങ്ങളിലേയ്ക്കും പട്ടയം നൽകുന്നതിനായി 1964 ലെ ഭൂമിപതിവ് ചട്ടങ്ങളിൽ 2005ലും 2009ലും കൊണ്ടു വന്ന ഭേദഗതികൾ റദ്ദ് ചെയ്യണം.(2005 ലെ ഭേദഗതി, സമതലങ്ങളിൽ 50 സെന്റിലും കുന്നിൻ പ്രദേശങ്ങളിൽ (HillyTracts) ഒരു ഏക്കറിലും കവിയാത്ത ഭൂമിയേ കയ്യേറ്റക്കാർക്ക് പതിച്ചുകൊടുക്കാവൂ എന്നായിരുന്നു. ഇത് പിൻവലിച്ചതോടെ സമതലങ്ങളിൽ ഒരു ഏക്കറും കുന്നിൻ മുകളിൽ മൂന്ന് ഏക്കർ വരെയും പതിച്ച് കൊടുക്കാമെന്നായി. 2009 ലെ ഭേദഗതി പ്രകാരം പതിച്ചു കിട്ടുന്ന ഭൂമി പതിച്ച് കിട്ടി 25 വർഷത്തിനുശേഷമേ അനന്തരാവകാശികളല്ലാതെയുള്ളവർക്ക് കൈമാറാവൂ. ഈ ഭേദഗതി പിൻവലിച്ചതോടെ കയ്യേറ്റക്കാരിൽ നിന്നോ കുടിയേറ്റക്കാരിൽ നിന്നോ ഭൂമി വാങ്ങിയവർക്കും പതിച്ചു കിട്ടുമെന്നായി.)
5. 01-01-1977 നു മുമ്പ് കൈവശത്തിൽ ഉള്ളതും നിലവിൽ കൃഷിഭൂമിയായി പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞതും ഇക്കാര്യം സംയുക്ത പരിശോധനയിൽ കണ്ടെത്തിയതുമായ ഭൂമി നിലവിൽ ആരുടെ കൈവശം ഇരിക്കുന്നുവോ അവർക്ക് പട്ടയം അനുവദിക്കാവുന്നതാണ്. (ഈ തീരുമാനത്തോടുകൂടി 01-01-1977 ന് ശേഷം ഭൂമി കുടിയേറി

യവർക്കും പതിച്ചുകിട്ടാനുള്ള അവസരം ഉണ്ടായി.)

ഈ തീരുമാനങ്ങൾ 2013 ഡിസംബർ 24 ന് സർക്കാർ ഉത്തരവായി[12] ഇറങ്ങി. 2015 ജൂണിൽ പതിച്ചുകൊടുക്കാവുന്ന ഭൂമി 4 ഏക്കർ വരെയാക്കി സർക്കാർ ഉയർത്തി. ഇക്കാര്യം ജൂലൈ 4ന്റെ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തു. [13] പക്ഷേ സർക്കാരും കയ്യേറ്റക്കാരും വിചാരിച്ചതുപോലെ അത്ര എളുപ്പമായിരുന്നില്ല ഈ ഭൂമിതട്ടിയെടുക്കൽ. സർക്കാർ ഉത്തരവിനെതിരെ വലിയ വിഭാഗം ആളുകൾ രംഗത്ത് വരികയും വലിയ പ്രക്ഷോഭം ഉയരുകയും സർക്കാറിന് ഉത്തരവ് പിൻവലിക്കേണ്ടിവരികയും ചെയ്തു. താത്കാലികമായി പിന്മാറിയെങ്കിലും സർക്കാരും കയ്യേറ്റക്കാരും തമ്മിലുള്ള ബന്ധം വളരെ ദൃഢമാണ്. ഈ സാഹചര്യത്തിലാണ് 1977 ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന കേരള ഹൈക്കോടതി വിധി (2015 സെപ്തംബർ) പ്രസക്തമാകുന്നത്. പൊതുഭൂമി കയ്യേറ്റക്കാർക്ക് പതിച്ചുകൊടുക്കുന്ന നടപടികളിൽ നിന്ന് സർക്കാർ പിന്മാറേണ്ടതാണ്.

## വയനാട്ടിലെ കെട്ടിട നിർമ്മാണ നിയന്ത്രണം : അനുകരിക്കാവുന്ന മാതൃക

പൊതുഭൂമി സ്വകാര്യവത്കരിക്കാനും പരിസ്ഥിതിപ്രാധാന്യമുള്ള പ്രദേശങ്ങളിൽ സുരക്ഷാ നിയന്ത്രണങ്ങൾ എടുത്തുകളയാനുമുള്ള സർക്കാരിന്റെ പരക്കം പാച്ചിലിനിടയിലാണ് വയനാട്ടിൽ നിന്ന് സ്വാഗതാർഹമായ ഒരു വാർത്ത ജൂൺ 30ന് വന്നത്. വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് (ജില്ലാ കളക്ടർ ആണ് ഈ അതോറിറ്റിയുടെ ചെയർമാൻ.) താഴെ പറയുന്ന നിയന്ത്രണങ്ങളാണ് വന്നത്. (1) വയനാട് ജില്ലയിലെ നഗര പ്രദേശങ്ങളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പരമാവധി 15 മീറ്റർ വരെയെ ഉയരമുണ്ടാകാവൂ. അതായത് 5 നിലകൾ. (2) ഗ്രാമാതിർത്തിയിൽ പരമാവധി മൂന്ന് നിലകളുള്ള കെട്ടിടങ്ങളേ നിർമ്മിക്കാവൂ. (3) ജില്ലയിലെ ഏറ്റവും ദുർബ്ബലമായ പാരിസ്ഥിതിക മേഖലയെന്ന് പറയാവുന്ന വൈത്തിരി ഗ്രാമപഞ്ചായത്തിലെ കുന്നത്തിടവക വില്ലേജ് പൂർണ്ണമായും ഉൾക്കൊള്ളുന്ന ലക്കിടി പ്രദേശത്ത് നിർമ്മിക്കുന്ന മന്ദിരങ്ങൾക്ക് എട്ടുമീറ്ററിൽ കൂടുതൽ ഉയരമുണ്ടാകാൻ പാടില്ല. (4) കുത്തനെയുള്ള ചരിഞ്ഞ ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട അധികാരികൾ നല്കുന്ന സുരക്ഷാ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ ഉയരത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ കൂടാതെ ഡോ.ഉമ്മൻ വി.ഉമ്മൻ കമ്മറ്റിയും ഇതേ തരത്തിൽ കെട്ടിടങ്ങളുടെ ഉയരം നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. സമുദ്രനിരപ്പിൽ നിന്ന് 500 മീറ്ററിൽ കൂടുതൽ ഉയരമുള്ള ഏലത്തോട്ടങ്ങളിലും കുരുമുളക് തോട്ടങ്ങളിലും വിനോദ സഞ്ചാരികളുടെ താമസത്തിനും മറ്റുമായിനിർമ്മിക്കുന്ന കെട്ടി

ടങ്ങളുടെ ഉയരം 8 മീറ്ററിൽ പരിമിതപ്പെടുത്തണം [14] എന്നാണ് കമ്മറ്റി ശുപാർശ ചെയ്തത്.

വയനാടിന്റെ പാരിസ്ഥിതിക സവിശേഷതകൾ പരിഗണിക്കുമ്പോൾ ഈ തീരുമാനം ശാസ്ത്രീയമായും ജനോപകാരപ്രദവുമാണ്. ഒപ്പം പരിസ്ഥിതി സൗഹാർദ്ദപരവും. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൊണ്ടുതന്നെ പ്രകൃതിദുരന്തങ്ങൾക്ക് വിധേയമാകുന്ന പ്രദേശമാണിത്. 1984 മുതൽ 2009 വരെയുള്ള കാലയളവിൽ മാത്രം ഒമ്പത് തവണ ഉരുൾപൊട്ടൽ ഉണ്ടായ ജില്ലയാണിത്. ഇവയിൽ 1992 ൽ പടിഞ്ഞാറെത്തറയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 12 മനുഷ്യ ജീവനുകൾ പൊലിഞ്ഞു. ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന 102.56 ച.കി.മീ പ്രദേശം ജില്ലയിലുണ്ട്. മൂന്ന് താലൂക്കുകളിലായി 215.35 ച.കി.മീ പ്രദേശം വെള്ളപ്പൊക്കം മൂലം ദുരന്തം ഉണ്ടാവാൻ സാധ്യതയുള്ളതാണ്.[15]

പശ്ചിമഘട്ടത്തിനുണ്ടാകുന്ന ക്ഷയം മനുഷ്യജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു ജില്ലയാണ് വയനാട്. വനനശീകരണത്തിന്റെ തോത് വർദ്ധിക്കുന്നതിനനുസരിച്ച് മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം വർദ്ധിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായി പത്രവാർത്തകൾ സൂചിപ്പിക്കുന്നു. നാടിന്റെ തനിമ നഷ്ടപ്പെടുത്തി റിസോർട്ടുകളും അനധികൃത നിർമ്മാണങ്ങളും കയ്യേറ്റങ്ങളും നടക്കുന്നതാണ് ഈ ദുരന്തങ്ങളുടെ അടിസ്ഥാന കാരണം. വയലുകളും ചതുപ്പും നികത്തുന്നതും പാരിസ്ഥിതികാപകടങ്ങൾ ക്ഷണിച്ചു വരുത്തും. അധികാരികൾ പലപ്പോഴും ഇത് കണ്ടില്ലെന്ന് നടിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ദുരന്തം മുന്നിൽ കണ്ട് നിയമാനുസൃതമായ നടപടിയാണ് ജില്ലാ കളക്ടറുടെ ഭാഗത്തു നിന്ന് ഉണ്ടായത്. എന്നാൽ ഈ ഗുണപരമായ നീക്കത്തിന്റെ ശോഭ തല്ലിക്കെടുത്തുന്ന നയമാണ് സംസ്ഥാന മുഖ്യമന്ത്രി സ്വീകരിച്ചത്. ജില്ലാ കളക്ടറുടെ നടപടിയോട് സർക്കാരിന് യോജിപ്പില്ലെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചു. പശ്ചിമഘട്ട സംരക്ഷണത്തിനുള്ള ശാസ്ത്രീയ റിപ്പോർട്ടുകളൊന്നും നടപ്പാക്കാതെ അവിടങ്ങളിൽ പരിസ്ഥിതി നാശവും കയ്യേറ്റവും യഥേഷ്ടം അനുവദിക്കുകയാണ് സർക്കാർ. ഈ സാഹചര്യത്തിൽ വയനാട്ടിലെ നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ തുടരുമെന്ന് ഉറപ്പാക്കുകയും, മറ്റുജില്ലകളിലും സമാനമായ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി ബഹുജനസമക്ഷം ചർച്ചക്ക് അവതരിപ്പിച്ചു നടപ്പാക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്.

## 2008 ലെ നെൽവയൽതണ്ണീർത്തട സംരക്ഷണനിയമം അട്ടിമറിക്കുന്നു

കേരളത്തിലെ നെൽവയലുകളുടെ നാശത്തിന്റെ കണക്കും അതുമൂലമുണ്ടാകുന്ന അപകടങ്ങളും നേരത്തെ പറഞ്ഞതാണ്. ഭക്ഷ്യക്ഷാമവും ജലക്ഷാമവുമാണ് കേരളത്തെ തുറിച്ചുനോക്കുന്ന രണ്ട് ഭീഷണി

കൾ. ഈ സാഹചര്യമാണ് 2008 ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം രൂപപ്പെടുത്താൻ കേരളസർക്കാരിനെ പ്രേരിപ്പിച്ചത്.

2008 ആഗസ്റ്റ് 12 ന് ഭൂമിയുടെ സ്ഥിതി എന്താണോ തത്സ്ഥിതി തുടരണമെന്നാണ് ഈ നിയമമനുശാസിക്കുന്നത്. ഈ തീയതിക്ക് ശേഷം നിലങ്ങൾ നികത്തുകയോ മാറ്റം വരുത്തുകയോ ചെയ്താൽ തടവും പിഴയും ശിക്ഷ നൽകാൻ നിയമം മൂലം സാധിക്കും. എന്നാൽ വീടുവയ്ക്കുന്നതിന് മറ്റ് ഭൂമിയില്ലാത്തവർക്ക് 5 സെന്റ് വരെ നികത്താൻ റവന്യൂ-കൃഷി-തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥരടങ്ങിയ സമിതിയുടെ തീരുമാനപ്രകാരം അനുമതി നൽകാം. ഈ നിയമപ്രകാരം വില്ലേജു തോറും നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടതുണ്ടായിരുന്നു. അതത് പ്രദേശത്തെ കൃഷിഓഫീസർ, വില്ലേജ് ഓഫീസർ, പ്രാദേശിക കർഷകർ എന്നിവർ അംഗങ്ങളായ നിരീക്ഷണസമിതിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത്. ഈ നിയമം അട്ടിമറിക്കാൻ ഒന്നിലധികം തവണ സർക്കാർ ശ്രമിച്ചു. ആദ്യഘട്ടത്തിൽ 1087 കൃഷിഭവനുകളിൽ 975 എണ്ണവും തങ്ങളുടെ പരിധിയിലുള്ള നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക് തയ്യാറാക്കിയിരുന്നു. അവ റദ്ദാക്കുകയും പുതിയ ഡാറ്റാബാങ്ക് തയ്യാറാക്കാൻ സർക്കാർ ഉത്തരവിടുകയും ചെയ്തു. [16] നെൽവയൽ നികത്താനാഗ്രഹിക്കുന്ന ഭൂമാഫിയായെ സഹായിക്കാനുള്ള നീക്കമായിരുന്നു ഇത്. ഡാറ്റാബാങ്ക് തയ്യാറാക്കി അവ ഗസറ്റിൽ വിജ്ഞാപനം ചെയ്ത് കഴിഞ്ഞവ നികത്തുന്നതോ പരിവർത്തനപ്പെടുത്തുന്നതോ കുറ്റകരമായിരുന്നു. ഗസറ്റിൽ വിജ്ഞാപനം ചെയ്യാത്തവ കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയാത്ത അവസ്ഥയിലുമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഡാറ്റാബാങ്ക് ആകെ റദ്ദാക്കിയത്. അങ്ങനെ നെൽവയൽ നികത്തുന്നതിന് വീണ്ടും ഭൂമാഫിയക്ക് അവസരമൊരുങ്ങി.

2015 ൽ വീണ്ടും ഈ നിയമത്തിൽ വെള്ളം ചേർക്കാൻ സർക്കാർ ധൈര്യപ്പെട്ടു. ധനകാര്യമന്ത്രി അവതരിപ്പിച്ച ഫിനാൻസ് ബില്ലിൽ പുതിയൊരു നിർദ്ദേശം അവതരിപ്പിക്കപ്പെട്ടു. അതനുസരിച്ച് ഓരോ പ്രദേശത്തും സർക്കാർ പ്രഖ്യാപിക്കുന്ന ഭൂമിവിലയുടെ 25 ശതമാനം പണം പിഴയായി അടച്ചാൽ 2005 നു മുമ്പ് നികത്തിയ എല്ലാ നികത്തലുകളും നിയമപരമാക്കപ്പെടും. യഥാർത്ഥത്തിൽ 2005 നു മുമ്പ് എന്നല്ല നികത്തിയിട്ട് 2015 ൽ 10 വർഷം തികഞ്ഞ എല്ലാ പരിവർത്തനങ്ങളും ഇങ്ങനെ നിയമപരമാക്കാനുള്ള അനുമതിയാണ് ബില്ലിൽ വിഭാവനം ചെയ്യുന്നത്. നിയമവിരുദ്ധമായി നിലം നികത്തിയിട്ടുണ്ടെങ്കിൽ അത് എന്നാണ് നടന്നതെന്ന് ആര് തെളിയിക്കാൻ? അത് ചെയ്ത ആൾ ഇത് 2005 നു മുമ്പ് നികത്തി എന്ന് "കുറ്റം സമ്മതിച്ചാൽ " ആരാണ് അതിനെ എതിർക്കുക? അപ്പോൾ 2015 വരെയുള്ള എല്ലാ നികത്തലുകളും ഇതുവഴി നിയമപരമാക്കപ്പെടുന്നു. ഇനി നികത്താനുള്ള നെൽവയലുകളും ഇതേ രീതിയിൽത്തന്നെ നികത്തിയെടുക്കാം. നിലം നിക

ത്താൻ ആഗ്രഹിക്കുന്ന ഒരാൾ താൻ ഭൂമി നികത്തിയെന്നും അതിന് പിഴയടക്കാൻ തയ്യാറാണെന്നും അറിയിച്ചാൽ വില്ലേജ് ഓഫീസർ പിഴ വാങ്ങി പ്രസ്തുത ഭൂമി നികത്തപ്പെട്ടതായി രേഖ കൊടുക്കാനുള്ള സാധ്യതയുണ്ട്. അങ്ങനെ മുൻകൂർ പിഴയടച്ച് ഏതുവയലും ഭാവിയിൽ നികത്തിയെടുക്കാം.

ഇപ്പോഴത്തെ ഭേദഗതിക്ക് മറ്റൊരപകടം കൂടിയുണ്ട്. 2005 നു മുമ്പ് നടന്ന നിലം നികത്തലിനെതിരെ നടന്നുവരുന്ന എല്ലാ കേസുകളും ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട പിഴ വാങ്ങി അവസാനിപ്പിക്കാൻ കഴിയും. അങ്ങനെ ഇതുവരെ നിലം നികത്തിയവരെല്ലാം നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും. അതായത് കേരളത്തിന്റെ പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നതും ഭക്ഷ്യക്ഷാമത്തിനും ജലക്ഷാമത്തിനും കാരണമാകുന്നതുമായ നെൽവയൽ നികത്തലിന് പച്ചക്കൊടി കാണിക്കുകയാണ് സർക്കാർ. ഈ നയം തിരുത്തേണ്ടതുണ്ട്.

## ജലവിമാന പദ്ധതി വീണ്ടും

2013 ലാണ് ജലവിമാന പദ്ധതി കേരളത്തിൽ അവതരിപ്പിക്കപ്പെട്ടത്. ഇതിന്റെ വിശദമായ പദ്ധതി രേഖ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് തയ്യാറാക്കിയിരുന്നു. ഒൻപത് സീറ്റുള്ള വിമാനങ്ങളാണ് ഇതിനുപയോഗിക്കുക. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, ആലപ്പുഴ ജില്ലയിൽ വേമ്പനാട് കായലിലെ പുന്നമട, തണ്ണീർമുക്കം, ഇടുക്കി ജില്ലയിലെ മൂന്നാർ, കാസർഗോഡ് ജില്ലയിലെ ബേക്കൽ, കൊച്ചിയിലെ ബോൾഗാട്ടി എന്നിങ്ങനെ ആറ് വാട്ടർഡ്രോമുകൾ നിർമ്മിക്കാനും പദ്ധതിയിട്ടു. ഓരോ വാട്ടർഡ്രോമിനും 50 ഏക്കർ ജലാശയം വേണം. കൂടാതെ ചുറ്റും സംരക്ഷിതപ്രദേശവും. സംരക്ഷിതപ്രദേശത്ത് മത്സ്യബന്ധനവും ജലഗതാഗതവും നിയന്ത്രിക്കണം; വിശേഷിച്ചും വേമ്പനാടും ബോൾഗാട്ടിയിലും. എല്ലാം കൂടി വരുമ്പോൾ ഓരോ വാട്ടർഡ്രോമിന് വേണ്ടിയും നീക്കിവയ്ക്കുന്ന ജലാശയങ്ങൾ അമ്പത് ഏക്കറിൽ ഒതുങ്ങുന്നില്ല. ഈ പദ്ധതിക്കെതിരെ പലവിധ വിമർശനങ്ങൾ ഉയർന്നുവന്നു. ഒന്നാമതായി പ്രതിവർഷം ഏതാണ്ട് ഒരുകോടിയിലധികം ടൂറിസ്റ്റുകളാണ് കേരളം സന്ദർശിക്കുന്നത്. ഇത്രയും വലിയ ഒരു വ്യവസായമേഖലയിൽ ഒമ്പതു സീറ്റുള്ള ഒരു വിമാനം വിശേഷിച്ചൊരു ചലനവും ഉണ്ടാക്കുകയില്ല. അതേസമയം പദ്ധതി നടപ്പിലായാൽ അത് മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കും. എന്ന് മാത്രമല്ല കേരളത്തിലെ ജലാശയങ്ങൾ ഇത്തരമാരു നഷ്ടക്കച്ചവടത്തിനായി മാറ്റി വയ്ക്കുന്നത് ഗുണകരവുമല്ല. തൊഴിലാളികളുടെ തൊഴിലിടങ്ങൾ അവരിൽ നിന്ന് എടുത്തുമാറ്റി മൂലധനശക്തികൾക്ക് നൽകുകയാണ് ഇതിലൂടെ സർക്കാർ ചെയ്യുന്നത്. പശ്ചിമഘട്ടവും വനവും പോലെത്തന്നെ ജലാശയങ്ങളും കൈമാറ്റം ചെയ്യുന്നു. ശാസ്ത്രീയ ഭൂവിനിയോഗമല്ല ഇത്. ഒടുവിൽ പദ്ധതിയുടെ ഉദ്ഘാടനദിവസം അഷ്ടമുടിയിലും പുന്നമടയിലും വലിയ ജനകീയ പ്രതിഷേധം ഉയർന്നു.

പദ്ധതിയുടെ ഉദ്ഘാടനത്തിനായി അഷ്ടമുടിക്കായലിൽ നിന്ന് പറന്നുപൊങ്ങിയ വിമാനത്തിന് ജനകീയപ്രതിഷേധം മൂലം വേമ്പനാട് ഇറങ്ങാൻ കഴിഞ്ഞില്ല. അങ്ങനെ പദ്ധതി നിർത്തി വയ്ക്കപ്പെട്ടു.

ഈ പദ്ധതി സർക്കാർ വീണ്ടും അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. പദ്ധതിയുടെ പാരിസ്ഥിതികാഘാതം പഠിക്കാൻ സർക്കാർ ഒരു വിദഗ്ധസമിതിയെ നിയോഗിച്ചു. ആ സമിതിയിലെ ഒരംഗം തന്നെ സമിതിയോട് സഹകരിക്കാതെ വിട്ട് നിന്നു. സമിതിയാകട്ടെ ജലവിമാനം വന്നിറങ്ങുമ്പോൾ ജലപ്പരപ്പിൽ ഇളക്കങ്ങൾ ഉണ്ടാവില്ല എന്ന ന്യായത്തിന്മേൽ പദ്ധതിയ്ക്ക് അനുമതി നൽകി. യഥാർത്ഥത്തിൽ അങ്ങനെ ഒരു ആരോപണം ഗൗരവമായി ആരും ഉന്നയിച്ചിരുന്നില്ല. അങ്ങനെ മുമ്പത്തേക്കാൾ ജനവിരുദ്ധ നിർദ്ദേശങ്ങളുൾക്കൊള്ളുന്ന തട്ടിക്കൂട്ടിയെടുത്ത ഒരു വിദഗ്ധ റിപ്പോർട്ടുമായി സർക്കാർ വീണ്ടും വരുന്നു. ജലവിമാനം നഷ്ടമായിരിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ട് ഓരോ യാത്രക്കും ഒമ്പത് സീറ്റിൽ നാലു സീറ്റുകളുടെ പണം പദ്ധതി നടത്തുന്ന സ്വകാര്യകമ്പനിക്ക് സർക്കാർ നൽകാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പൊതുഭൂമിയും പണവും സ്വകാര്യമുതലാളിക്ക് ചോർത്തിക്കൊടുക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഇത് അടിയന്തിരമായി നിർത്തിവയ്ക്കേണ്ടതാണ്.

## വിമാനത്താവളങ്ങളും തുറമുഖങ്ങളും

ആറന്മുളയടക്കം വിവിധപ്രദേശങ്ങളിൽ വിമാനത്താവള പദ്ധതിയുമായി മുന്നോട്ടുപോവുകയാണ് സർക്കാർ. ആറന്മുളയിൽ പലവിധ പ്രതിഷേധങ്ങൾ നടന്നുവെങ്കിലും സർക്കാർ അവയൊന്നും ഗൗരവത്തിലെടുക്കുന്നില്ല. വിമാനത്താവളത്തിന്റെ നിർമ്മിതിക്കായി ആറന്മുള പുഞ്ച മണ്ണിട്ട് നികത്തിയത് പൂർവ്വസ്ഥിതിയിലാക്കാൻ കോടതി ഉത്തരവിട്ടിരുന്നു. അത് പൂർണ്ണമായി പാലിക്കാൻ സർക്കാർ ഇനിയും തയ്യാറായിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഒരുവലിയ തുറമുഖവും വിനോദസഞ്ചാര-പാർപ്പിട-വാണിജ്യസമുച്ചയവും നിർമ്മിക്കാൻ കടലും ഭൂമിയും അദാനി ഗ്രൂപ്പിന് വിട്ടുകൊടുക്കാനുള്ള ഉടമ്പടിയിൽ സർക്കാർ ഒപ്പുവച്ചുകഴിഞ്ഞു. തൃക്കുന്നപ്പുഴയിലും ആറാട്ടുപുഴയിലും കരിമണൽ ഖനനം എന്ന ആശയവും സർക്കാർ മുന്നോട്ടു വയ്ക്കുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണം സമുദ്രം കൂടി മൂലധനശക്തികൾക്ക് അടിയറ വയ്ക്കുന്നതിന്റെ തുടക്കമാണ്. ആദ്യം മൂലധനശക്തികൾ ആക്രമിച്ചത് കേരളത്തിന്റെ കിഴക്കേ അതിർത്തിയിലുള്ള പശ്ചിമഘട്ടത്തെയും വനഭൂമിയെയും ആയിരുന്നു. പിന്നീടത് പാറപൊട്ടിച്ചും കുന്നിടിച്ചും താഴ്വരയിലേയ്ക്കും ഇടനാട്ടിലേയ്ക്കും വന്നു. നദിയിൽ നിന്ന് മണലൂറ്റിയും വയൽനികത്തിയും ഇടനാട്ടിലാകെ വ്യാപിച്ച് അത് തീരദേശത്തേക്ക് വ്യാപിച്ചു. തീരദേശവും കയ്യേറി അതിപ്പോൾ സമുദ്രത്തിലേക്ക് കടക്കുകയാണ്. സമുദ്രത്തിലെ സൂക്ഷ്മതല പരിസ്ഥിതി

യെയും അത് ആക്രമിക്കുന്നു. മുമ്പ് ഇത്തരം പരിസ്ഥിതിത്തകർച്ചയ്ക്കെതിരെ പ്രതികരിക്കുന്നവർക്ക് കേന്ദ്രപരിസ്ഥിതി നിയമങ്ങൾ ഒരു സഹായമായിരുന്നു. എന്നാൽ ആ പിടിവള്ളിയും നശിക്കുകയാണ്. കേന്ദ്രപരിസ്ഥിതി നിയമങ്ങളെ തിരുത്തിയെഴുതുന്നതിനായി കേന്ദ്രസർക്കാർ ടി.എസ്.ആർ സുബ്രഹ്മണ്യം കമ്മിറ്റിയെ നിയോഗിച്ച് അതിന്റെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. അതിലെ ശുപാർശകൾ പ്രകാരം നിയമങ്ങൾ മാറ്റിയെഴുതപ്പെട്ടാൽ സംഗതികൾ കുറേക്കൂടി അപകടത്തിലേയ്ക്കാവും നീങ്ങുക. (വിഴിഞ്ഞം തുറമുഖ പദ്ധതി ടി.എസ്.ആർ സുബ്രഹ്മണ്യം കമ്മിറ്റി റിപ്പോർട്ട് എന്നിവയെക്കുറിച്ച് ഗ്രീൻ അസംബ്ലിയുടെ ഭാഗമായി വിശദമായ ലഘുലേഖകൾ ഉണ്ട് എന്നതിനാൽ ഇവിടെ അവ ഒഴിവാക്കുന്നു.)

## എന്തുകൊണ്ട് പരിസ്ഥിതി വിരുദ്ധത?

വികസനത്തിന്റെ നിർവചനം എന്താണ്, അഥവാ കേരളത്തിന്റെ വികസനം എങ്ങനെയായിരിക്കണം എന്ന ഏറ്റവും പ്രസക്തമായ ചോദ്യം ചോദിച്ചുകൊണ്ടേ നമുക്ക് ഈ പരിസ്ഥിതി വിരുദ്ധ പ്രവണതയെ വിശകലനം ചെയ്യാൻ കഴിയൂ. ഇന്നത്തെ വികസനം സ്വതന്ത്ര വിപണിയുടേതാണ്. വിപണിയുടെ യുക്തിയാണ് വികസനനയത്തെ നയിക്കുന്നത്. വിപണിയുടെ യുക്തിയെന്നത് പണം മുടക്കി ലാഭം നേടാൻ കഴിവുള്ളവർക്ക് ആധിപത്യം ലഭിക്കുന്ന യുക്തിയാണ്. അങ്ങനെ വരുമ്പോൾ എല്ലാ പ്രകൃതിവിഭവങ്ങളും മൂലധനത്തിന്റെ തേർവാഴ്ചക്ക് തുറന്ന് കൊടുക്കലാണ് വികസനം എന്ന് വരും. ഈ വികസനപ്രവർത്തനത്തിന് മുതൽമുടക്കുന്നവർക്ക് സൗകര്യമൊരുക്കുക മാത്രമാണ് സർക്കാരിന്റെ ധർമ്മം എന്ന് വരുന്നു. ഈ കമ്പോളയുക്തിയെ നീതിമത്കരിക്കുന്ന മറ്റൊരു ഘടകം കൂടിയുണ്ട്. അത് ജനം എന്നാൽ ഉപഭോക്താവാണ് എന്ന മുദ്രാവാക്യമാണ്. അവിടെ പരമാവധി ഉപഭോഗം നടത്തുന്നയാളാണ് രാജാവ് എന്ന് വരുന്നു. കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള ഒരു മധ്യവർഗ്ഗം ഈ ഉപഭോഗം ആഗ്രഹിക്കുകയും ചെയ്യുന്നു. അവരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുകയാണ് ഭരണകൂടത്തിന്റെ ധർമ്മം എന്നും വരും. അപ്പോൾ വലിയ വീടുകൾ, വിസ്താരമേറിയ തെരുവുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, പരമാവധി വാഹനങ്ങൾ, ഫ്ളാറ്റുകൾ, അതിവേഗ സഞ്ചാരത്തെ സഹായിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒക്കെ വേണ്ടിവരും. ഇവ സാധ്യമാക്കണമെങ്കിൽ വനം കയ്യേറാതെയും വയൽ നികത്താതെയും പറ്റില്ല. മണൽ വാരാതെയും പാറപൊട്ടിക്കാതെയും പറ്റില്ല. കുന്നിടിക്കാതെയും പറ്റില്ല. ഇതാണ് കേരളം ചെന്നുപെട്ടിരിക്കുന്ന വികസനത്തിന്റെ കെണി. ആ കെണിയിൽ കുരുങ്ങിയാൽ പരിസ്ഥിതി തകരാതെ വയ്യ. പക്ഷേ ഈ തകർച്ച ഒരുഭൂപ്രദേശമെന്ന നിലയിൽ കേരളം ഭൂമിശാസ്ത്രപരമായി തകരുന്നതിന് വഴി വയ്ക്കും. സാമൂഹികമായി ഇത് സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കാൻ ഇടയാക്കും. ദരിദ്രർ

പിന്നെയും ദരിദ്രരാവുകയും ധനികർ പിന്നെയും ധനികരാവുകയും ചെയ്യുന്ന പ്രക്രിയക്ക് വേഗം കൂടും. ഈ പ്രക്രിയയെ കുറച്ചെങ്കിലും തടയാൻ കഴിഞ്ഞതാണ് കേരളവികസനമാതൃകയുടെ പ്രധാന നേട്ടം. അങ്ങനെയാണ് കേരളം സാമൂഹികനീതി ഉറപ്പുവരുത്തിയത്. ഈ സാമൂഹികനീതിയും വികസനമാതൃകയുമാണ് ഇപ്പോൾ തകർക്കപ്പെടുന്നത്. അതിന്റെ മുന്നുപാധി വിഭവചൂഷണമാണ്. അതിന്റെ ഫലവും വിഭവചൂഷണം തന്നെ. അതുകൊണ്ട് പരിസ്ഥിതിത്തകർച്ചയ്ക്കെതിരെ ഒറ്റപ്പെട്ട സമരങ്ങളല്ല, വികസനനയത്തിനെതിരായ വിശാലമായ സമരമാണ് വേണ്ടത്. പൊതുവായ രാഷ്ട്രീയസമരവും ഉപഭോഗഭ്രാന്തിനെതിരായ സാംസ്കാരികസമരവും അതിനാവശ്യമുണ്ട്.

**കടപ്പാട്**

1. Socio Economic Survey Of Tribals in Kerala. Dept.of Statistics. Govt of Kerala. 1976-78
2. Western Ghat Ecology Expert Panel Report
3. www.forestkerala.gov.in Last update 2012 June 7
4. Economic Review 2012 State Planing Board, Kerala
5. കേരളത്തിന്റെ പരിസ്ഥിതി എന്ന പ്രബന്ധത്തിൽ പ്രൊഫ.എം.കെ. പ്രസാദ് ക്രോഡീകരിച്ചത്. 'പുതുകേരളചിന്തകൾ' കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
6. ടി. പ്രബന്ധം
7. Status Paper on rice in Kuttanadu K.S LeenaKumary K.A.U Mancombu, കൃഷിവകുപ്പു രേഖകൾ
8. Western Ghat Ecology Expert Panel Report
9. Report of the High Level Working Group on Western Ghats
10. കസ്തൂരിരംഗൻ കമ്മിറ്റി നിർദ്ദേശങ്ങളെ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട്.
11. 25.09.2012 ൽ ബഹു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിലും ബഹു. റവന്യു വകുപ്പുമന്ത്രി ശ്രീ അടൂർ പ്രകാശിന്റെയും ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പി.ജെ ജോസഫിന്റെയും സാന്നിദ്ധ്യത്തിലും ചേർന്ന ഇടുക്കിയിലെ ഭൂമി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള യോഗത്തിന്റെ നടപടിക്കുറിപ്പ്. യോഗത്തിൽ ആഭ്യന്തരം, റവന്യൂ, വനം, സർവ്വേ & ലാന്റ് റെക്കോർഡ്സ്, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പോലീസ് മേധാവികളുമടക്കം 24 പേർ പങ്കെടുത്തു.
12. GOMSN 600/13/RD dated 24.12.13
13. കേരള ഗസറ്റ്, (അസാധാരണം) തീയതി ജൂലൈ 4 2015)
14. കസ്തൂരിരംഗൻ കമ്മിറ്റി നിർദ്ദേശങ്ങളെ സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ട്.
15. District Disaster Management Plan - Wayanadu. District Disaster Management Authority 2010

16. 'ഈ യാത്ര എങ്ങോട്ടെന്നറിയില്ല' ഡോ.എസ് ശ്രീകുമാർ, ശാസ്ത്രഗതി ഒക്ടോബർ 2014

## 52-ാം സംസ്ഥാന സമ്മേളനത്തിൽ അംഗീകരിച്ച പ്രമേയങ്ങൾ

### ഭൂമിയുടെ ക്രയവിക്രയത്തിനായി സർക്കാർ സംവിധാനമായ ലാന്റ് ബാങ്ക് രൂപവത്കരിക്കുക

സുസ്ഥിര വളർച്ചയുടെയും ഉത്പാദനാധിഷ്ഠിത വികസനത്തിന്റെയും ആവശ്യങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ കേരളത്തിന്റെ ഭൂവിനിയോഗരീതിയിൽ അനഭിലഷണീയങ്ങളായ പ്രവണതകളാണ് കാണപ്പെടുന്നത്. നെൽവയലിന്റെ വിസ്തൃതി കഴിഞ്ഞ രണ്ടുദശകമായി തുടർച്ചയായി കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വയൽ നികത്തുക, ചെങ്കൽക്കുന്നുകൾ ഇടിക്കുക, കരിങ്കൽക്കുന്നുകൾ പൊട്ടിച്ചെടുക്കുക, തുടങ്ങി വിവിധ ഭൂരൂപങ്ങളുടെ പാരിസ്ഥിതിക സ്വഭാവവും ഘടനയും മാറ്റിമറിക്കുന്ന പ്രവണതയും വർദ്ധിച്ച് വരുന്നു. കൃഷി ലാഭകരമല്ലാതെയാകുകയോ വളരെ കുറഞ്ഞ ലാഭം മാത്രം ലഭിക്കുകയോ ചെയ്യുന്ന ഉൽപാദന മേഖലയായി മാറിയിട്ടുണ്ട്. അതിനാൽ വലിയ ലാഭം കിട്ടുന്ന നിർമ്മാണമേഖലയിലേക്ക് ഭൂമി നിക്ഷേപിക്കപ്പെടുന്നു.

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ വിവിധ മേഖലകളുടെ സംഭാവന കാണിക്കുന്ന പട്ടികകൾ ഈ നിഗമനം ശരിവയ്ക്കുന്നു. 2012 - 13 വർഷത്തിൽ കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കൃഷിയും അനുബന്ധ മേഖലകളും നൽകിയ പങ്ക് 8.9% മാത്രമായിരുന്നു. വ്യവസായമേഖലയുടെ പങ്ക് 24% കാണിക്കുന്നുണ്ട്. എങ്കിലും അതിൽകൂടുതൽ പങ്കും - ഏതാണ്ട് 15% - നിർമ്മാണമേഖലയുടെതാണ്. ഖനനവും നിർമ്മാണവും അനുബന്ധമേഖലകളും ചേർന്നാൽ ആഭ്യന്തര ഉത്പാദനത്തിന്റെ 20% വരും. ഭൂരൂപങ്ങളുടെ ഘടന മാറ്റി മറിച്ചുകൊണ്ടും അവയുടെ പാരിസ്ഥിതിക ധർമം നിർവഹിക്കുന്നതിൽ വിഘ്നം വരുത്തിക്കൊണ്ടും നടത്തുന്ന ഈ പ്രവർത്തനങ്ങൾ വലിയതോതിൽ ഭൂമി കൈമാറ്റത്തിനു കാരണമാവുന്നു. ഇത് ഭൂമി ഒരു ഉത്പാദനോപാധി അല്ലാതെ ഊഹക്കച്ചവടത്തിനുള്ള ചരക്കായി മാറുന്നതിന് കാരണമായിത്തീരുന്നു. സംസ്ഥാനത്ത് ഭൂമി കൈമാറ്റത്തിന് യാതൊരുവിധ നിയന്ത്രണങ്ങളും നിലവിലില്ലാത്തതിനാൽ പുത്തൻ മൂലധനശക്തികൾക്ക് വലിയതോതിൽ ഭൂമി വാങ്ങിക്കൂട്ടുന്നതിന് കഴിയുന്നു. ഉയർന്ന വിലയ്ക്ക് ഇങ്ങനെ വാങ്ങുന്ന ഭൂമിയിൽ കൃഷി സ്വാഭാവികമായും ലാഭത്തിലാവുകയില്ല. സമ്പന്നവർഗം ഭൂമി വാങ്ങുന്നത് കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. ഈ ലക്ഷ്യം സാധിച്ചില്ലെങ്കിൽ

അവർ ഭൂമി തരിശിടുകയോ പാഴ്നിലമാക്കി ഉപേക്ഷിക്കപ്പെട്ട രൂപത്തിലാക്കുകയോ ചെയ്യുന്നു. കൃഷി ഇല്ലാതാകുന്നു എന്നതാണ് ഇതിന്റെ ആത്യന്തിക ഫലം. നിർമാണ മേഖലയ്ക്ക് വൻ ലാഭം കിട്ടുന്നതിനാൽ അവർ കൃഷിഭൂമിയ്ക്ക് വൻവില നൽകാനും തയ്യാറാകുന്നു. ഈ മോഹവില സ്വതേ ദുർബലമായ കേരളത്തിന്റെ കാർഷിക മേഖലയെ സമ്പൂർണ നാശത്തിലേക്ക് തള്ളിവിടാൻ കാരണമാവും. ഈ പ്രവണത അടിയന്തിരമായി തടയേണ്ടതുണ്ട്. അതിനാൽ വ്യക്തികൾ തമ്മിൽ രഹസ്യമായി നടത്തുന്ന ഭൂമി കൈമാറ്റത്തെ തടയുകയും ഭൂമിയുടെ ക്രയവിക്രയത്തിന് പൊതു സമൂഹത്തിന്റെ മേൽനോട്ടം സാധ്യമാകുന്നതരത്തിൽ ലാന്റ് ബാങ്കോ തത്തുല്യമായ സംവിധാനമോ രൂപപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഭൂമിയുടെ ക്രയവിക്രയത്തിനുള്ള വ്യക്തികളുടെ അവകാശം നിലനിൽക്കും. എന്നാൽ ഇത് സാധ്യമാകുന്നത് ലാന്റ് ബാങ്ക് വഴി മാത്രമായിരിക്കുകയും ചെയ്യും. ലാന്റ് ബാങ്ക്, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ന്യായവിലയ്ക്ക് ഭൂമി വാങ്ങുന്നതിനും വിൽക്കുന്നതിനും പൗരന്മാർക്കിടയിൽ ഔദ്യോഗിക ഇടനിലക്കാരനായി പ്രവർത്തിക്കണം. കേരളത്തിന്റെ ഭൂവിനിയോഗം ശാസ്ത്രീയമായി ക്രമീകരിക്കാൻ ഇത്തരമൊരു ലാന്റ് ബാങ്ക് സംവിധാനത്തിന് രൂപം നൽകണമെന്ന് ഈ സമ്മേളനം കേരള സർക്കാറിനോട് ആവശ്യപ്പെടുന്നു.

## കേരളത്തിന്റെ ഖനിജ സമ്പത്ത് സാമൂഹിക ആസ്തിയായി പ്രഖ്യാപിക്കുക

ഖനിജങ്ങളാൽ സമ്പന്നമാണ് കേരള സംസ്ഥാനം. ഇൽമനൈറ്റ്, റൂടൈൽ, മോണോസൈറ്റ്, സിൽമനൈറ്റ്, സ്വർണ്ണം, ഇരുമ്പയിര്, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ചൈനാക്ലേ, സഫയർ ക്ലേ, ടൈലും ബ്രിക്ക് ക്ലേയും, സിൽക്കാ മണൽ, ലിഗ്നൈറ്റ്, ഗ്രാനൈറ്റ്, ജെംസ്റ്റോൺ, മാഗ്നൈറ്റ്, സ്റ്റീറൈറ്റ് എന്നിവ ഇവയിൽ ഉൾപ്പെടുന്നു. വൻതോതിൽ ഉള്ള ഖനനം ഹെവി ധാതുക്കളിലും ചൈനാ ക്ലേയിലുമാണ് മുഖ്യമായും നടക്കുന്നത്. ലൈം ഷെൽ, സിൽക്കാ മണൽ, ഗ്രാനൈറ്റ് എന്നിവയും ഖനനം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഇന്ന് ഖനനത്തിന്റെ സിംഹഭാഗവും നിയന്ത്രിക്കുന്നത് സ്വകാര്യ മേഖലയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ധാതു പര്യവേഷണത്തെയും ഖനനത്തെയും പരിമിതപ്പെടുത്തുന്ന നിരവധി ഘടകങ്ങൾ ഉണ്ട്. ഖനനത്തിനുള്ള ഭൂമി ലഭ്യമല്ലാത്തത്, ഖനിജങ്ങൾ വനമേഖലയിൽ കാണപ്പെടുന്നത്, ജനസാന്ദ്രത ഏറിയിരിക്കുന്നത്, നദികളുടെയും ജലാശയങ്ങളുടെയും സാന്നിധ്യം എന്നിവ അവയിൽ ചിലതാണ്. മാത്രമല്ല, വിവിധതരം ഖനനങ്ങൾ പലതരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുന്നുമുണ്ട്.

ജലനിരപ്പ് താഴുക, വനനശീകരണം, ധൂളീ മലിനീകരണം, ശബ്ദമലി

നീകരണം, ജൈവവൈവിധ്യനാശം, ജലമലിനീകരണം, നദികളുടെ പാരിസ്ഥിതിക തകർച്ച, ആവാസ സങ്കേതങ്ങളുടെ തകർച്ച എന്നിവ ഈ പ്രശ്നങ്ങളിൽ മുഖ്യമായിട്ടുള്ളവയാണ്. ഖനനം സാമൂഹികമായ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ജനങ്ങളെ കുടിയൊഴിപ്പിക്കൽ, വാസപ്രദേശങ്ങൾ തകർക്കൽ, തൊഴിലിടങ്ങൾ നശിപ്പിക്കൽ, കൃഷി ഭൂമിയുടെയും വിളകളുടെയും നാശം എന്നിങ്ങനെ പലതരം പ്രശ്നങ്ങളും ഉയർന്നു വരുന്നുണ്ട്. എന്നാൽ വിലയേറിയ പ്രകൃതി വിഭവം എന്ന നിലയിൽ ഖനിജങ്ങൾ അവഗണിക്കാനാവാത്ത സമ്പത്ത് തന്നെയാണ്. അവ പരിസ്ഥിതി നാശവും മറ്റു പ്രശ്നങ്ങളുമൊഴിവാക്കി സാധ്യമായിടത്തോളം മാത്രം ഖനനം ചെയ്യേണ്ടതാണ്.

സ്വകാര്യമൂലധന ശക്തികൾ അമിത ലാഭമോഹം മൂലം വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാതെ ഖനനം ചെയ്യുന്നതു മൂലം മേൽപ്പറഞ്ഞ പരിസ്ഥിതി പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ പലഭാഗത്തു നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ തരം ഖനിജങ്ങളും അവ നിലനിൽക്കുന്ന പ്രദേശത്തെ സമൂഹത്തിന്റെ പൊതുസ്വത്തായി പ്രഖ്യാപിക്കുകയും എല്ലാ വിധ ഖനനവും പ്രാദേശിക ജനസമൂഹത്തിന്റെ അനുമതിയോടും മേൽനോട്ടത്തോടും കൂടി മാത്രമേ ആകാവൂ എന്നും ഖനനവും ഖനിജങ്ങളുടെ വിതരണവും പൊതുമേഖലയിൽ മാത്രമായിരിക്കണം എന്നും ഈ സമ്മേളനം സംസ്ഥാന സർക്കാറിനോട് ആവശ്യപ്പെടുന്നു.

